

Monthly Price Rs. 4

# ബൈബിൾ ട്രൂത്ത്



# THE BIBLE TRUTH

# താല്ക്കാലിക വരങ്ങൾ



# THE BIBLE TRUTH

**Editor**
**P.K. VARGHESE**
000

**Published by Church of Christ**

പുതിയ നിയമ ക്രിസ്ത്യാനിത്വത്തിന്റെ പുനരേകീകരണം

**Vol. 25** **August 2010** **No.5**

## എഡിറ്റോറിയൽ

ധാർമ്മികതക്കു പോലും മുൻതൂക്കം കൊടുക്കാതെ പ്രവർത്തിക്കുന്ന മതനേതാക്കന്മാർ യേശുവിന്റെ കാലയളവിലുണ്ടായിരുന്നു. അത് ഈ കാലത്തിലും ഉണ്ട്. യേശുവിന്റെ കാലത്ത് അവർ എന്തിനും ഏതിനും ന്യായപ്രമാണം എടുത്തു കാണിക്കും. അതായതു അവരുടെ പ്രവൃത്തികൾ ന്യായമാണെന്നു വരുത്തുവാനാണ് അവർ ശ്രമിച്ചത്. പക്ഷെ അവരുടെ ഹൃദയവും ന്യായപ്രമാണവും തമ്മിൽ ഒരു ബന്ധവുമില്ലായിരുന്നു. മനുഷ്യത്വം മറന്നുള്ള പ്രവൃത്തികളായിരുന്നു അവരിൽ ഉണ്ടായിരുന്നത്. അയൽക്കാരനെ സ്നേഹിക്കുവാനുള്ള മനസു പോലും അവരിൽ ഇല്ലാതെ പോയി. എന്നാൽ അവർ മറ്റുള്ളവരിൽ കുറ്റം കണ്ടെത്തുവാൻ ലഭിക്കുന്ന അവസരം ഒന്നും പാഴാക്കിയിരുന്നുമില്ല. യേശുക്രിസ്തു അവരെ കുറിച്ച് പറഞ്ഞത്, അവരോ സ്വർഘരാജ്യത്തിൽ കടക്കുകയില്ല, കടക്കുവാൻ ആഗ്രഹിക്കുന്നവരെ കടത്തി വിടുകയുമില്ല എന്നാണ്.

അവർ അന്യോന്യം ചെയ്ത പ്രവൃത്തികളാൽ ദൈവനാമം ദുഷിക്കപ്പെടുവാനിടയായി. തങ്ങൾക്കു ബോധിച്ചവണ്ണം ജീവിക്കുവാനാണ് അവർ ആഗ്രഹിച്ചത്. അതേ സമയം മതപരമായ ചടങ്ങുകൾക്ക് ഒന്നും ഒരു കുറവും വരുത്തിയില്ല. ബാഹ്യമായി അവർ ഭക്തരാണെന്നു ആളുകളെ കാണിക്കുവാൻ അവർ സമർത്ഥരായിരുന്നു. പക്ഷെ അവരുടെ അകമേയോ ചീഞ്ഞു നാറുന്ന അവസ്ഥയായിരുന്നു. അതുകൊണ്ടാണ് യേശു അവരെ വെള്ള തേച്ച ശവ

ക്കല്ലറകൾ എന്നു വിളിച്ചത്. അത്തരം ഭക്തി കപടഭക്തിയാണെന്ന് കർത്താവ് അവരോട് തുറന്നു പറഞ്ഞു. ദൈവനീതി ഉപേക്ഷിക്കുകയും പകരം മാനുഷനീതി പരിശീലിക്കുകയും ചെയ്യുന്നവരായിരുന്നു അന്നത്തെ മതോന്നതന്മാർ.

ഇന്നും മതപരമായി ജീവിക്കുന്നവരും മതത്തെ നയിക്കുന്ന ആളുകളും അങ്ങനെയാണ് ജീവിക്കുന്നതെങ്കിൽ അതിനു മാറ്റം വരുത്തണമെന്നു ദൈവത്തിന്റെ വചനം മുന്നറിയിക്കുന്നു. രാഷ്ട്രീയമായി പ്രവർത്തിക്കുന്നവരിൽ ഭൂരിഭാഗവും ധാർമ്മിക മൂല്യമോ ആദർശമോ മുറുകെ പിടിക്കുന്നവരായിരിക്കയില്ല. പക്ഷെ മതത്തിന്റെ ലേബലിൽ ജീവിക്കുന്നവരിൽ മനുഷ്യത്വവും ധർമ്മവും നീതിയും അത്യന്താപേക്ഷിതമാണ്. കാരണം അവർ ദൈവത്തെ മറ്റുള്ളവർക്ക് കാണിച്ചു കൊടുക്കേണ്ടവരാണ്. മനുഷ്യ നിർമ്മിത സഭകളിലുള്ളവർ പക്ഷെ മനുഷ്യരെയാണ് അനുഗമിക്കുന്നതു എന്നതുകൊണ്ട് അവരുടെ ധാർമ്മിക അധപ്പതനത്തിനു ന്യായീകരണം തേടിയേക്കാം. എന്നാൽ വചനപരിജ്ഞാനം ലഭിച്ചവർ ആത്മീയനിലവാരം ഇല്ലാതെ ജീവിച്ചാൽ എന്തായിരിക്കും സ്ഥിതി? അവർ നിമിത്തം സുവിശേഷത്തിന്റെ വാതിൽ അടെക്കുകയല്ലേ?

ജഡത്തിന്റെ അഭിലാഷവും ആത്മാവിന്റെ അഭിലാഷവും രണ്ടും രണ്ടാണ്. ആത്മാവ് ആത്മാവിന്റേതു ചിന്തിക്കുമ്പോൾ ജഡം ജഡികമായുള്ളത് ചിന്തിക്കുന്നു. ആത്മാഭിലാഷം ജഡത്തിനും ജഡാഭിലാഷം ആത്മാവിനും വിരോധമാകുന്നു. ദൈവത്തെ അറിഞ്ഞവർ നല്ല സ്വീകാരം മുറുകെ പിടിച്ച് വിശ്വാസത്തിനനുസരിച്ച് വേണം ജീവിക്കുവാൻ. ഇന്നും ദുരുപദേശങ്ങളും ഉപദേഷ്ടാക്കന്മാരും ധാരാളമുണ്ട്. സത്യം മനസിലാക്കി അതനുസരിച്ച് ജീവിക്കുവാനുള്ള തീരുമാനം ഓരോരുത്തരുടേതുമായിരിക്കും. ഓരോരുത്തനും അവനവന്റെ പ്രവൃത്തിയെ ശോധന ചെയ്യട്ടെ. ഞാൻ ചെയ്യുന്ന പ്രവൃത്തി മറ്റൊരാൾ വിഷമമുണ്ടാക്കുന്നതാകാതെ നോക്കണം. യേശുക്രിസ്തു നമുക്ക് കാണിച്ചിരിക്കുന്ന ഏക മാതൃകയിലാണ് നാം ജീവിക്കേണ്ടത്. ക്രിസ്തുവിന്റെ വഴി പിൻപറ്റുന്നവരും അവനെ സേവിക്കുന്നവരും അവനെ അനുകരിക്കുവാനാണ് ശ്രമിക്കേണ്ടത്.

✶

# ആരുമായി കൂട്ടായ്മ ആകാം

## J.C. ചോട്ട്

കൂട്ടായ്മ എന്നാൽ ഒരേ ഉദ്ദേശത്തിനായി കൂടി വരുന്നവരെ കുറിച്ചാണ് പ്രതിപാദിച്ചിരിക്കുന്നത്. ക്രിസ്ത്യാനിത്വം ആരംഭിക്കുന്നതിന്റെ മുന്നോടിയായി അതിന്റെ മഹത്വത്തെ കുറിച്ച് കർത്താവു മുന്നറിയിച്ചിട്ടുണ്ട്. ഒരുമയോടുകൂടി കൂടിചേരുന്നതിനെ കൂട്ടായ്മ എന്നു വിളിക്കാം. അതിനു ചില നിയമാവലികളും നിബന്ധനകളുമുണ്ട്. ദൈവത്തോടുകൂട്ടുചേരുന്നതിനു നാം എന്തു ചെയ്യണം. മനുഷ്യർക്കു തമ്മിൽ തമ്മിൽ കൂട്ടായ്മ ഉണ്ടാകുന്നതെങ്ങനെ എന്നെല്ലാം ദൈവം ഉപദേശിച്ചിട്ടുണ്ട്. നാം അതു ഓരോന്നായി മനസിലാക്കണം. സ്നേഹബന്ധത്തിൽ ഒത്തുചേരൽ, അന്യോന്യം പങ്കുവെക്കൽ എന്നൊക്കെ അർത്ഥമുണ്ട്. പക്ഷെ പുതിയനിയമകാലത്ത് ആരംഭിച്ച കൂട്ടായ്മ തിരുവെഴുത്ത് വിശ്വസിക്കുന്നതിലും അനുസരിക്കുന്നതിലും അടിസ്ഥാനപ്പെടുത്തിയിട്ടുള്ളതാണ്. വചനവിരുദ്ധമായ കൂട്ടായ്മ ദൈവം വെറുക്കുന്ന ഒന്നാണ്. നമുക്ക് ചിലരുമായി കൂട്ടായ്മ ആകാം എന്നു പറയുമ്പോൾ കൂട്ടായ്മ പുലർത്തുവാൻ പാടില്ലാത്ത ആളുകളുണ്ട് എന്നു സ്പഷ്ടം.

1. **സാത്താൻ അല്ലെങ്കിൽ പിശാച്.** ദൈവത്തിനെതിരായി പ്രവർത്തിക്കുന്ന പിശാചുമായി നമുക്ക് കൂട്ട് പാടില്ല. കാരണം പിശാചിന്റെ പ്രവർത്തനം എപ്പോഴും ദൈവഹിതത്തിനെതിരാണ്. സാത്താനുമായി നമുക്ക് ബന്ധം ഉണ്ടാകരുതെന്ന് പറയുമ്പോൾ അതിന്റെ കാരണവും വചനത്തിൽ അപ്പൊസ്തലനായ പൗലൊസ് വ്യക്തമാക്കുന്നുണ്ട്: "അല്ല, ജാതികൾ ബലി കഴിക്കുന്നത് ദൈവത്തിനല്ല, ഭൂതങ്ങൾക്ക് കഴിക്കുന്നു എന്നത്രെ. എന്നാൽ നിങ്ങൾ ഭൂതങ്ങളുടെ കൂട്ടാളികൾ ആകുവാൻ എനിക്ക് മനസില്ല. നിങ്ങൾക്ക് കർത്താവിന്റെ മേശയിലും ഭൂതങ്ങളുടെ മേശയിലും അംശികൾ ആകുവാനും പാടില്ല (1 കൊരിന്ത്യർ 10:20-21). അതുകൊണ്ടാണ് ക്രിസ്തുവിലായി തീർന്നവർ ഭൂതങ്ങൾക്ക് കൂട്ടാളികൾ ആകരുത് എന്നു പറഞ്ഞിരിക്കുന്നത്. അത്ഭുതങ്ങൾ ചെയ്യുവാനുള്ള ശക്തി പിശാചിനുണ്ടെങ്കിലും അതു ദൈവത്തിന്റെ ശക്തിയായി തെറ്റിദ്ധരിക്കരുത്.

2. **അവിശ്വാസികൾ.** ദൈവത്തിലും അവന്റെ പുത്രനിലും

ദൈവവചനത്തിലും വിശ്വസിക്കാത്തവരുമായി വിശ്വാസികൾക്ക് യാതൊരു കൂട്ടായ്മയും പാടില്ല. ദൈവം ഇല്ല എന്നു പറയുന്നവരുണ്ട്. അവർ മൂഢന്മാരത്രേ (സങ്കീർത്തനങ്ങൾ 14:1). വിശ്വാസികൾക്ക് വിശ്വാസികളുമായി കൂട്ടായ്മ ആകാം. എന്നാൽ അവിശ്വാസികളുമായി പാടില്ല.

3. **പാപികൾ.** പാപത്തിൽ തന്നെ ജീവിക്കുന്ന ആളുകളുണ്ട്. അങ്ങനെയുള്ളവരുമായി ക്രിസ്ത്യാനികൾക്ക് ആത്മിയമായ ബന്ധം പാടില്ല. പാപികളെ രക്ഷിപ്പാനാണ് മനുഷ്യപുത്രൻ ഈ ഭൂമിയിൽ വന്നത്. അവൻ ഭൂമിയിലായിരുന്നപ്പോൾ പാപികളോടുകൂടെ നടന്നിരുന്നു. പക്ഷെ അവരുടെ പാപത്തെ അവൻ വിട്ടുകളയുവാൻ ആജ്ഞാപിച്ചിരുന്നു (1 തിമൊഥെയൊസ് 1:15). യേശു പാപത്തെ വെറുക്കുകയും പാപിയെ സ്നേഹിക്കുകയും ചെയ്തു. വെളിച്ചമായി ജീവിക്കേണ്ടവരാണ് ക്രിസ്ത്യാനികൾ. അതുകൊണ്ട് പാപം മോചിച്ചുകിട്ടിയവർ പാപികളുമായി ആത്മിയബന്ധം പുലർത്തരുത്.

4. **ലോകം.** ലോകത്തെയോ ലോകത്തിലുള്ളതിനെയോ ഒന്നും നാം സ്നേഹിക്കരുത്. ലോകസ്നേഹം ദൈവത്തോട് ശത്രുതയാകുന്നു (1 യോഹന്നാൻ 2:15). ലോകത്തെ ദൈവമാണ് സൃഷ്ടിച്ചത്. മനുഷ്യന്റെ ഉപയോഗത്തിനുവേണ്ടിയാണ് അതുണ്ടാക്കിയത്. എന്നാൽ ദൈവത്തെക്കാൾ ലോകത്തെയും ലോകത്തിലുള്ളതിനേയുമാണ് നിരവധിപേർ സ്നേഹിക്കുന്നത്. അത് നമ്മുടെ ആത്മിയ ജീവിതത്തെ താഴ്ത്തിക്കളയും. ലോകവും അതിന്റെ മോഹവും ഒഴിഞ്ഞുപോകും എന്നാൽ ദൈവേഷ്ടം ചെയ്യുന്നവൻ എന്നേക്കും ജീവിക്കും എന്നാണ് ദൈവം അരുളിച്ചെയ്തിരിക്കുന്നത്.

5. **ദുരുപദേഷ്ടാക്കന്മാർ.** അന്യഥാ ഉപദേശിക്കുന്നവർ ദൈവത്തിനെതിരായി പ്രവർത്തിക്കുന്നവരാണ്. തെറ്റായ ഉപദേശം ദൈവത്തിന്റെ സത്യത്തെ എതിർക്കുന്നതാണ്. കള്ളപ്രവാചകന്മാരും ദുരുപദേഷ്ടാക്കന്മാരും ദൈവത്തിന്റെ വചനത്തെ മറിച്ചുകളയുകയാണ്. അവരുമായി കൂട്ടുകൂടാവുന്നതല്ല. ഉപദേശവ്യത്യാസം വച്ചുപുലർത്തുന്നവരുമായി ചേർന്നു പ്രവർത്തിച്ചാൽ നാം ദുരുപദേശത്തിനു കൂട്ടുകൂടുന്നു എന്നുവരും. അതുകൊണ്ടാണ് ദൈവം അതു വിലക്കിയിരിക്കുന്നത്. മനുഷ്യരുടെ ഉപദേശങ്ങൾ പ്രമാണിക്കയും ഉപദേശിക്കുയും ചെയ്യുന്നവരുടെ ആരാധന വെറുതെയാണ്.

6. **അവിശ്വസ്തരുമായി.** സത്യത്തിന്റെ പരിജ്ഞാനത്തിലെത്തിയിട്ട് വീണ്ടും ലോകത്തിന്റെ മാലിന്യത്തിലേക്ക് വീണുപോയാൽ അങ്ങനെയുള്ളവരുമായി ആത്മിയർക്ക് കൂട്ടായ്മ പാടില്ല. അവർ യേശുവിന്റെ നിയമരക്തത്തെ ചവിട്ടിമെതിച്ചുകളഞ്ഞവരാണ്. തങ്ങൾക്ക് ലഭിച്ച രക്ഷയുടെ മഹത്വം വിട്ടുകളഞ്ഞവരാണ്. അതുകൊണ്ട് അവരുമായി ഒരു സംസർഗവുമരുത്. അവരോടു കുശലം പറകയോ അവരെ വീട്ടിൽ കൈക്കൊള്ളുകയോ ചെയ്യരുതെന്ന് വചനം നിഷ്ക്കർശിച്ചിരിക്കുന്നു. ക്രിസ്തുവിന്റെ ഉപദേശത്തെ മാനിക്കാത്തവർ ക്രിസ്തുവിനെ മാനിക്കാത്തവരാണ്. അവരുമായി ആത്മിയമായ ബന്ധം പാടില്ല. അവരുടെ തെറ്റ് തിരുത്താം, യഥാസ്ഥാനപ്പെടുത്തുവാൻ ശ്രമിക്കാം. എന്നാൽ അവരുടെ സ്വാധീനം യഥാർത്ഥ വിശ്വാസികളുടെ ആത്മിയജീവിതത്തെ അങ്ങനെയുള്ളവരുടെ ബന്ധം ബാധിക്കുവാൻ അനുവദിക്കരുത്.

7. **വചനപ്രകാരം മുടക്കിയവർ.** ഒരാൾ സത്യം വിട്ടു തെറ്റിപ്പോയാൽ അയാളെ സൗമ്യതയുടെ ആത്മാവിൽ രണ്ടോ മൂന്നോ പേർ അങ്ങനെയുള്ള വ്യക്തിയെയോ വ്യക്തികളെയോ മാനസാന്തരപ്പെട്ടു യഥാസ്ഥാനപ്പെടുത്തുവാൻ ശ്രമിച്ചിട്ടും അയാൾ കൂട്ടാക്കാതെയിരുന്നാൽ സഭയെ അറിയിച്ചിട്ടു സഭ പറഞ്ഞിട്ടും കൂട്ടാക്കാഞ്ഞാൽ അവർ മാനസാന്തരപ്പെട്ടു തെറ്റു തിരുത്തുവന്നതുവരെ അവരെ സഭയുടെ ആത്മിയ കൂട്ടായ്മയിൽനിന്നും മാറ്റി നിർത്തുന്നു. അങ്ങനെയുള്ളവർ മാനസാന്തരപ്പെട്ടു എന്നു സഭക്കു ബോധ്യമാകുന്നതുവരെ അവരുമായി കൂട്ടായ്മ പാടില്ല (മത്തായി 18:15-17).

8. **ആരെല്ലാമായി നമുക്ക് കൂട്ടായ്മ കൂടാം എന്നു നോക്കാം.** ഒന്ന് സുവിശേഷം അനുസരിച്ചവരുമായി. ആദ്യം വചനം അനുസരിച്ച് സ്നാനമേറ്റവർ അപ്പൊസ്തലന്മാരുടെ ഉപദേശം കേട്ടും കൂട്ടായ്മ ആചരിച്ചും അപ്പം നുറുക്കിയും പ്രാർത്ഥന കഴിച്ചും പോന്നു (പ്രവൃത്തികൾ 2:42-47). രണ്ട്, കർത്താവിന്റെ സഭയിലെ വിശ്വസ്ത ക്രിസ്ത്യാനികളുമായി. ദൈവവചനപ്രകാരം രക്ഷിക്കപ്പെട്ടവരുമായും സ്നാനത്താൽ ദൈവമക്കളായി തീർന്നവരുമായും സത്യത്തിലും ആത്മാവിലും ആരാധിക്കുന്നവരുമായും കൂട്ടായ്മ ആകാം. പിന്നെ സത്യസുവിശേഷം പ്രസംഗിക്കുന്നവരും അതനുസരിച്ചു ജീവിക്കുന്നവരുമായും കൂട്ടായ്മ ആകാം.

# എന്തുകൊണ്ടു ശബ്ബത്ത് പാടില്ല

## മെൽ ഫൂട്ടൽ

ശബ്ബത്ത്, യെഹൂദന്മാർ പഴയനിയമകാലത്ത് ആചരിക്കേണ്ട ഒരു കല്പനയായിരുന്നു. അതു ആഴ്ച്ചയുടെ ഏഴാം നാളായിരുന്നു. ദൈവത്തിന്റെ ഈ ആജ്ഞ ഒരു പ്രത്യേക ഉദ്ദേശത്തിനായി നല്കിയതായിരുന്നു. ദൈവം തന്റെ സൃഷ്ടിത്വം നടത്തിയശേഷം ഏഴാം നാൾ സ്വസ്ഥമായിരുന്നു. അതുപോലെ തന്റെ ജനമായിരുന്ന യിസ്രായേൽ സ്വസ്ഥമായിരുന്നു ദൈവകല്പന ആചരിക്കണമായിരുന്നു. പക്ഷെ ഇന്നും ആ കല്പന അനുസരിക്കണമെന്നു ശഠിക്കുന്നവരുണ്ട്. ഏതൊരു നിയമമായാലും നിയമകർത്താവിന്റെ ഉദ്ദേശത്തെ മാറ്റുവാൻ ആർക്കും അധികാരമില്ല. ശബ്ബത്തിന്റെ പേരിൽ അറിയപ്പെടുന്ന ഒരു സമുദായ വിഭാഗം പോലുമുണ്ട്. എന്നാൽ തിരുവെഴുത്തിൽ ദൈവം ആരോടാണ് കല്പിക്കുന്നത്, ആ കല്പനകളെ തരം തിരിച്ച് മനസിലാക്കി തെറ്റിദ്ധാരണ ഒഴിവാക്കുവാൻ ഓരോരുത്തരും ശ്രമിക്കണം.

പഴയനിയമത്തിലും പുതിയനിയമത്തിലും ഉപയോഗിച്ചിരിക്കുന്ന ശബ്ബത്ത് എന്ന വാക്കിന്റെ മൂലഭാഷയിലെ അർത്ഥം ഏഴാം നാൾ എന്നാണ്. ഏതൊരു വിഷയത്തിലും വേദപുസ്തകത്തിലെ അരുളപ്പാടുകളാണ് നാം പരിശോധിക്കേണ്ടത്. മാനുഷമായ ഉപദേശങ്ങൾ പലതും ദൈവത്തിന്റെ ആലോചനകൾ മനസിലാകാത്തതുകൊണ്ടോ തെറ്റിദ്ധരിക്കപ്പെടുന്നതുകൊണ്ടോ ഉണ്ടായതാകാം. ഓരോ കാലത്തിലും ഓരോ വിധത്തിലാണ് ദൈവം തന്റെ കല്പനകൾ ജനത്തിനു നല്കിയിരിക്കുന്നത്. ഇന്നു നാം ജീവിക്കുന്നത് ഏതു കാലത്തിൻ കീഴിലാണോ ആ കാലത്ത് നിലനില്ക്കുന്ന നിയമമാണ് നാം അനുസരിക്കേണ്ടത്. അല്ലാതെ ഭൂതകാലത്തിലേതോ അല്ലെങ്കിൽ ഭാവിയിലേക്കുള്ളതോ അല്ല. അതു ദൈവം വ്യക്തമാക്കിയിട്ടുമുണ്ട്.

ആദിയിലായിരുന്നു ദൈവം തന്റെ സൃഷ്ടി നടത്തിയത്. അതു പൂർത്തിയാക്കിയശേഷം ദൈവം വിശ്രമിച്ചു. ആറു ദിവസം കൊണ്ടു ദൈവം തന്റെ സൃഷ്ടിത്വം അവസാനിപ്പിച്ചു. ദൈവം തിരഞ്ഞെടുത്ത വിശ്രമദിവസം എന്നേക്കും തുടരുവാനായിരുന്നില്ല ദൈവം ഉദ്ദേശിച്ചത്. യിസ്രായേൽ മക്കൾ മിസ്രയിമിൽ അടിമകളായിരുന്നു.

അവരുടെ കഷ്ടത നിമിത്തമുള്ള നിലവിളി ദൈവസന്നിധിയിൽ എത്തുകയും ദൈവം അവരെ അത്ഭുതകരമായി വിടുവിക്കയും ചെയ്തു. അപ്പോഴാണ് ദൈവം ശബ്ബത്ത് നാളിനെ ശുദ്ധീകരിപ്പാൻ ഓർക്ക എന്നു കല്പിച്ചത്. ആറു ദിവസം അദ്ധ്വാനിച്ചു നിന്റെ വേല ഒക്കെയും ചെയ്ക. ഏഴാം ദിവസം നിന്റെ ദൈവമായ യഹോവ യുടെ ശബ്ബത്ത് ആകുന്നു. അന്നു നീയും നിന്റെ പുത്രനും പുത്രിയും നിന്റെ വേലക്കാരനും വേലക്കാരത്തിയും നിന്റെ കന്നുകാലികളും നിന്റെ പടിവാതില്ക്കലുള്ള പരദേശിയും ഒരു വേലയും ചെയ്യരുത് (പുറപ്പാട് 20:8; നെഹെമ്യാവ് 9:13, 14).

മൂന്നാമത് ശബ്ബത്ത് ഏദെൻ തോട്ടത്തിൽ വെച്ചല്ല നല്കിയത്, മറിച്ച് സിനായ് പർവ്വത്തിൽ വെച്ചാണ് നല്കിയത്. പത്തുകല്പന യോടുകൂടി നല്കിയ ഈ കല്പന അവരെ മിസ്രയിമിൽനിന്നു വിടു വിച്ചു കൊണ്ടുവരുന്നതുവരെ കൊടുത്തിരുന്നില്ല എന്നോർക്കുക (പുറപ്പാട് 20:1, 2, 24–28). ദൈവം സിനായ് മലയിൽ ഇറങ്ങി വന്നു ആകാശത്ത് നിന്നു അവരോടു സംസാരിച്ചു. അവർക്കു ന്യായമാ യുള്ള വിധികളും സത്യമായുള്ള ന്യായപ്രമാണങ്ങളും, നല്ല ചട്ട ങ്ങളും കല്പനകളും കൊടുത്തു. നിന്റെ വിശുദ്ധശബ്ബത്ത് നീ അവരെ അറിയിച്ചു. നിന്റെ ദാസനായ മോശെ മുഖാന്തരം അവർക്ക് ചട്ട ങ്ങളും ന്യായപ്രമാണങ്ങളും കല്പിച്ചു കൊടുത്തു (നെഹെമ്യാവ് 9:13, 14).

പത്തുകല്പനകളും ന്യായപ്രമാണവും യിസ്രായേലിന്നു ദൈവം നല്കുന്നതിനു മുൻപ് അവർക്ക് കല്പനകൾ കൊടുത്തിരുന്നു. അന്നു അവർ ശബ്ബത്ത് ആചരിക്കുവാൻ ദൈവം പറഞ്ഞിരുന്നില്ല. അതുകൊണ്ട് അന്ന് അവർ അതു അനുസരിച്ചതുമില്ല. ദൈവം പണ്ടു ഭാഗം ഭാഗമായിട്ടും വിവിധം വിവിധവുമായിട്ടായിരുന്നു സംസാരി ച്ചത്. എന്നാൽ ഈ അന്ത്യകാലത്തു തന്റെ പുത്രൻ മുഖാന്തരമാണ് സംസാരിക്കുന്നത്. പുത്രനെയാണ് നാം കേൾക്കേണ്ടത്. അവന്റെ ഉപദേശങ്ങളെയാണ് നാം വിശ്വസിക്കേണ്ടതും അനുസരിക്കേണ്ട തുമെന്ന് പിതാവായ ദൈവം തന്നെ വെളിപ്പെടുത്തിയിരിക്കുന്നു. അതുകൊണ്ടാണ് നാം ബൈബിളിനെ തരംതിരിച്ച് വായിച്ച് മനസി ലാക്കുകയും അനുസരിക്കുകയും വേണം എന്നു പറയുന്നത്.

നാലാമതായി ശബ്ബത്ത് ഒരു സർവ്വദേശിയ നിയമം ആയിരുന്നില്ല.

ലോകത്തുള്ള സർവ്വ മനുഷ്യരും അനുസരിക്കേണ്ടതിനല്ല അതു നല്കിയത് എന്നർത്ഥം. എബ്രായജനത്തിനു മാത്രമായി കൊടുത്ത ഒരു പ്രമാണമായിരുന്നു അത്. ദൈവവും യിസ്രായേൽജനവും തമ്മിലുണ്ടാക്കി എഴുതിക്കൊടുത്ത ഉടമ്പടിയിലെ ഒരു കല്പനയായിരുന്നു ശബ്ബത്ത് ആചരിക്കൽ (പുറപ്പാട് 34:27). ആ ചട്ടങ്ങളെയും വിധികളെയും സംബന്ധിച്ച് അവർ തന്നെ പറയുന്നത്, ഇതു നമ്മുടെ പിതാക്കന്മാരോടല്ല, മറിച്ച് അന്നു ജീവനോടെ ഇരിക്കുന്നവർക്കുവേണ്ടിയാണ് ആ ചട്ടങ്ങളും വിധികളും കൊടുത്തത് എന്നാണ് (ആവർത്തനപുസ്തകം 5:3). ആ വേദഭാഗവും മറ്റു വേദഭാഗങ്ങളും വായിച്ചാൽ ആ കല്പന താല്ക്കാലികമായി കൊടുത്തതും പ്രത്യേക ഉദ്ദേശത്തിനായി കൊടുത്തതുമാണ് എന്നു തെളിയും.

അഞ്ചാമതായി, ശബ്ബത്തു നാൾ ആരാധനാ ദിനമാണെന്ന് തിരുവചനം പറയുന്നില്ല. ശബ്ബത്തുനാൾ വിശ്രമിക്കുവാനുള്ളതാണെന്നു പറയുന്നുണ്ട്. അവരെ മിസ്രയിമിലെ കഷ്ടതയിൽനിന്നു ദൈവം വിടുവിച്ചു കൊണ്ടുവന്നു എന്നു അവർ ഓർക്കേണ്ടതിനു കൊടുത്ത പ്രമാണമായിരുന്നു അത് (പുറപ്പാട് 31:13-17; ആവർത്തനപുസ്തകം 5:15).

ആറാമതായി, ന്യായപ്രമാണത്തിൻകീഴിൽ ജീവിച്ചിരുന്നവർ ശബ്ബത്ത് ലംഘിച്ചാൽ അവർക്കു മരണശിക്ഷയായിരുന്നു ദൈവം കല്പിച്ചിരുന്നത് (പുറപ്പാട് 31:14, 15). ആ കല്പന ഇന്നത്തെ ശബ്ബത്തുകാർ അനുഷ്ഠിക്കുന്നുണ്ടോ? ഒരു പ്രത്യേക വേദഭാഗമെടുത്തു അവരുടെ ഉപദേശത്തെ ന്യായീകരിക്കുവാനാണ് അവർ ശ്രമിക്കുന്നത്. ദൈവത്തിന്റെ ചട്ടങ്ങളും പ്രമാണങ്ങളും ആരോടാണ് പറഞ്ഞിരിക്കുന്നത് എന്നു നാം തിരിച്ചറിയണം (നെഹെമ്യാവ് 8:1, 18).

ഏഴാമതായി, നാം ന്യായപ്രമാണസംബന്ധമായി മരിച്ചിരിക്കുന്നു എന്നാണ് അപ്പൊസ്തലനായ പൗലൊസ് പറഞ്ഞിരിക്കുന്നത്. വീണ്ടും പറയുന്നു, അതിക്രമങ്ങൾ ഒക്കെയും ക്ഷമിച്ച ചട്ടങ്ങളാൽ നമുക്ക് വിരോധവും പ്രതികൂലവുമായിരുന്ന കയ്യെഴുത്ത് മായിച്ച് ക്രൂശിൽ വെച്ച് നീക്കി കളഞ്ഞു എന്നാണ് (കൊലൊസ്സ്യർ 2:14).

✶

# നമ്മുടെ ആശ്രയത്തിൽ വിട്ടിട്ടുള്ള കാര്യങ്ങൾ

## വാൻസ് ഹട്ടൻ

നമ്മെ ബാധിക്കുന്നവയും അല്ലാവത്തവയുമായ കാര്യങ്ങളുണ്ട്. നമ്മെ ആശ്രയിച്ചിരിക്കുന്നവയും അല്ലാത്തവയുമായ കാര്യങ്ങളുണ്ട്. എന്നാൽ നമ്മുടെ ആശ്രയത്തിൽ വിട്ടിട്ടുള്ള ഏതാനും കാര്യങ്ങളാണ് ഇതിൽ പരാമർശവിഷയമാക്കുന്നത്. പഴയനിയമത്തിലും പുതിയ നിയമത്തിലും ധാരാളം ദൈവപുരുഷന്മാരെ നാം വായിക്കുന്നുണ്ട്. പൗലൊസ് തന്റെ നിജപുത്രനായി തിമൊഥെയൊസിനെ വിശേഷിപ്പിക്കുന്നുണ്ട്. അവനെ കുറിച്ച് പൗലൊസ് ഫിലിപ്പിയരോടു പറയുന്നതു നോക്കുക: "എന്നാൽ നിങ്ങളുടെ വസ്തുത അറിഞ്ഞിട്ട് എനിക്കും മനം തണുക്കേണ്ടതിനു തിമൊഥെയൊസിനെ വേഗത്തിൽ അങ്ങോട്ട് അയക്കാം എന്നു കർത്താവായ യേശുവിൽ ഞാൻ ആശിക്കുന്നു. നിങ്ങളെ സംബന്ധിച്ച് പരമാർത്ഥമായി കരുതുവാൻ തുല്യചിത്തനായി എനിക്ക് മറ്റാരുമില്ല. യേശുക്രിസ്തുവിന്റെ കാര്യമല്ല, സ്വന്തകാര്യമത്രേ എല്ലാവരും നോക്കുന്നു. അവനോ മകൻ അപ്പനോടു ചെയ്യുന്നതുപോലെ എന്നോടുകൂടെ സുവിശേഷഘോഷണത്തിൽ സേവനം ചെയ്തു എന്നുള്ള സിദ്ധത നിങ്ങൾ അറിയുന്നുവല്ലോ (ഫിലിപ്പിയർ 2:19–23).

ധാരാളം ഉത്തരവാദിത്വങ്ങൾ പൗലൊസ് തിമൊഥെയൊസിനെ ഏല്പിക്കുന്നുണ്ട്. അല്ലയോ തിമൊഥെയൊസേ, നിന്റെ പക്കൽ ഏല്പിച്ചിരിക്കുന്ന ഉപനിധി കാത്തുകൊണ്ട് ജ്ഞാനം എന്നു വ്യാജമായി പേർ പറയുന്നതിന്റെ ഭക്തിവിരുദ്ധമായ വൃഥാലാപങ്ങളെയും തർക്കസൂത്രങ്ങളെയും ഒഴിഞ്ഞു നില്ക്ക (1 തിമൊഥെയൊസ് 6:20). ആ നിർദ്ദേശം ഇന്നും പ്രസക്തമാണ്. പലരും ചില വേദഭാഗങ്ങളെ എടുത്ത് കോട്ടി മറിച്ച് വാദിച്ച് ജയിക്കുവാൻ ശ്രമിക്കുന്നുണ്ട്. അതു നല്ല സമീപനമല്ല. അതുകൊണ്ട് ആർക്കും ഒരു പ്രയോജനവുമില്ല.

പരദേശത്തു പോകുന്ന മനുഷ്യൻ തന്റെ ദാസന്മാരെ വിളിച്ച് തന്റെ സമ്പത്ത് അവരെ ഏല്പിച്ചു. ഒരാൾക്ക് അഞ്ചും വേറൊരാൾക്ക് രണ്ടും മറ്റൊരാൾക്ക് ഒന്നും ആണ് കൊടുത്തത്. ഓരോരുത്തന്റെ പ്രാപ്തി പോലെയാണ് കൊടുത്തത്. വളരെക്കാലം കഴിഞ്ഞ്

ആ ദാസന്മാരുടെ യജമാനൻ വന്നു അവരുമായി കണക്ക് തീർക്കുവാൻ തയ്യാറായി. ആ ദാസന്മാരിൽ ഒരു താലന്തു ലഭിച്ചവനു മാത്രം സന്തോഷിക്കുവാൻ കഴിഞ്ഞില്ല. കാരണം അവൻ തന്റെ താലന്ത് ഉപയോഗിച്ചില്ല. കർത്താവിനു വേണ്ടി ഫലം പുറപ്പെടുവിക്കുവാൻ കഴിയാത്തവരെ കുറിച്ച് കർത്താവ് പറയുന്നത് ഉള്ളവന്നു ഏവനും നല്കും. ഇല്ലാത്തവനോടോ ഉള്ളതും കൂടെ എടുത്തുകളയും.

നിങ്ങളിലുള്ള ആത്മാവിനെ നിലനിർത്തുവാനും നഷ്ടപ്പെടുത്തുവാനും നിങ്ങൾക്ക് കഴിയും (മത്തായി 16:16). അതു നിങ്ങളുടെ തീരുമാനത്തെ ആശ്രയിച്ചാണിരിക്കുന്നത്. നിങ്ങളെ സൃഷ്ടിച്ചപ്പോൾ ദൈവത്തിന്റെ നിത്യാത്മാവ് നിങ്ങളിൽ തന്ന ദൈവം ആ ആത്മാവിനെ സൂക്ഷിപ്പാൻ നിങ്ങളെ ഏല്പിച്ചതാണ്. പക്ഷെ ആത്മാവിനെ നഷ്ടപ്പെടുത്തിയാൽ അതിനു നാം തന്നെയാണ് ഉത്തരവാദികൾ. വലിയ നിക്ഷേപമായി നിങ്ങളിൽ തന്നിരിക്കുന്ന ആത്മാവ് എന്നേക്കും ജീവിക്കും. ഓരോ മനുഷ്യാത്മാവും പാപം ചെയ്യുമ്പോൾ ദൈവത്തിന്റെ ആത്മാവ് ആ വ്യക്തിയിൽനിന്നു പുറപ്പെട്ടു പോകും.

നമ്മുടെ മക്കൾ ദൈവം ദാനമായി നമുക്ക് തരുന്നതാണ് (സങ്കീർത്തനങ്ങൾ 127:3). നിങ്ങൾ ഒരപ്പനായി തീരുമ്പോൾ നിങ്ങൾക്ക് തന്നിരിക്കുന്ന മക്കളെ നിങ്ങൾക്ക് ദാനം ചെയ്തിരിക്കുകയാണ്. അതുകൊണ്ട് അവരെ സൂക്ഷിക്കേണ്ട കടമ നിങ്ങളുടേതാണ്. അവരെ കർത്താവിന്റെ ബാലശിക്ഷയിലും പത്ഥ്യോപദേശത്തിലും വളർത്തേണ്ട ചുമതലയാണ് നിങ്ങളിലുള്ളത്. ലോകപ്രകാരമുള്ള വീക്ഷണത്താലോ സാമൂഹിക അംഗീകാരത്തിനായുള്ള ശ്രമമോ അല്ല അവരെ പഠിപ്പിക്കേണ്ടത്. ദൈവം എല്ലാവരേയും ന്യായം വിധിക്കുന്നത് ദൈവികമായ അടിസ്ഥാനത്തിലാണ്. പൗലൊസ് തിമൊഥെയൊസിനെ ഏല്പിച്ച ഉപനിധി സുവിശേഷം ആയിരുന്നു (1 തിമൊഥെയൊസ് 6:20, 21). ദൈവത്തിന്റെ അപ്രമേയ ധനം മൺകൂടാരത്തിലാണ് അവൻ നൽകിയിരിക്കുന്നത് എന്നതാണ് പ്രത്യേകത.

✶

# ഒലിവു വൃക്ഷം പോലെ ആകുക

## നീൽ പൊളാർഡ്

ശാസ്ത്രീയവും ചരിത്രപരവുമായി തെളിയിക്കപ്പെട്ട ബൈബിൾ എത്ര ശ്രേഷ്ഠഗ്രന്ഥമാണെന്നു പറഞ്ഞറിയിക്കേണ്ട ആവശ്യമില്ല. കാരണം അതിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങളെല്ലാം സത്യമാണ്. പഴയനിയമകാലയളവിൽ ജീവിച്ചിരുന്നവരേയും പുതിയനിയമകാല യളവിൽ ജീവിക്കുന്നവരേയും താരതമ്യം ചെയ്താൽ പ്രകടമായ വ്യത്യാസം നമുക്ക് കാണുവാൻ കഴിയും. ആചാരങ്ങളിലും സംസ്ക്കാരങ്ങളിലും ആ വ്യത്യാസം കാണാം. മൊത്തത്തിൽ ജീവിതശൈലിയിൽ വളരെ മാറ്റമുള്ളതായി നമുക്ക് ദർശിക്കാവു ന്നതാണ്. പുരാതനകാലത്ത് ഉണ്ടായിരുന്ന ഒലിവു വൃക്ഷം പൂർവ്വ ഘട്ടത്തിൽ അക്കാലത്തു താമസിച്ചിരുന്നവർക്ക് പ്രത്യേകതയുള്ള തായിരുന്നു.

ആത്മിയമായി ചില കാര്യങ്ങൾക്ക് പഴയനിയമകാലത്ത് ഒലി വെണ്ണ ഉപയോഗിച്ചിരുന്നതായി നമുക്ക് കാണാം (സെഖര്യാവ് 4:2-6). ഈ ഒലിവ് വൃക്ഷങ്ങളുടെ ആധിക്ക്യം ഓരോരുത്തരുടെ സമൃദ്ധിയെ വിളിച്ചോതുന്നു. എങ്ങനെയായാലും, ഒലിവു വൃക്ഷത്തെപോലെ യുള്ള ദാസന്മാരാണ് കർത്താവിനു ആവശ്യം. കർത്താവിന്റെ വേല സുഗമമായി നടക്കണം. അതിനു സമർപ്പിതരായ പ്രവർത്തകരാണ് വേണ്ടത്. ഫലപ്രദമായ പ്രവർത്തനം ദൈവത്തിനുവേണ്ടി നടത്തു വാൻ വിശ്വസ്തരായ കാര്യവിചാരകന്മാർ ആവശ്യമാണ്. കർത്താവ് ഈ ഭൂമിയിലായിരുന്നപ്പോൾ വേലക്കാർക്കായി പ്രാർത്ഥിക്കണം എന്നു ആവശ്യപ്പെടുകയുണ്ടായി.

## അതിന്റെ എണ്ണ വിലമതിക്കാനാകാത്തതാണ്

ഒലിവ് മുൻപു പ്രസിദ്ധമായിരുന്നത് അതിന്റെ ഫലം, എണ്ണം, തടി എന്നിവയുടെ അടിസ്ഥാനത്തിലായിരുന്നു. ആഹാരം പാചകം ചെയ്യുന്നതിനു മുഖ്യമായും പണ്ടു ഉപയോഗിച്ചിരുന്നത് ഒലിവെണ്ണ ആയിരുന്നു (ലേവ്യാപുസ്തകം 2:4-6). വിളക്കിൽ ഒഴിച്ചിരുന്നതും ഒലിവെണ്ണ ആയിരുന്നു (പുറപ്പാട് 27:20). അഭിഷേകം ചെയ്യുന്നതിനും അത് ഉപയോഗിച്ചിരുന്നു (പുറപ്പാട് 29:7). ഔഷധമായിട്ടും സുഗന്ധ മായിട്ടും ഒലിവെണ്ണ ഉപയോഗിച്ചിരുന്നു (സങ്കീർത്തനങ്ങൾ 104:15).

അതുപോലെ പലവിധത്തിൽ പ്രയോജനമുള്ളവരാണ് ക്രിസ്ത്യാനികൾ. ഓരോരുത്തരുടേയും ഉപയോഗങ്ങൾ കണ്ടെത്തി പ്രായോഗികമാക്കണം. അതാണ് യേശു തന്റെ ഗിരിപ്രഭാഷണത്തിൽ പറഞ്ഞത് (മത്തായി 5:14-16).

## അതിന്റെ വേരുകൾ ഒന്നും ആവശ്യപ്പെടാത്തത്

ഏതു സാഹചര്യത്തിലും, പ്രത്യേകിച്ച് വരൾച്ചയിലും ഒന്നും ആവശ്യപ്പെടാതെയാണ് അതു നിലനില്ക്കുന്നത്. അതുപോലെ ഏതു സാഹചര്യത്തിലും, പ്രതികൂല സാഹചര്യത്തിൽ പോലും പരാതികളോ, പരിഭവങ്ങളോ, നിരത്താതെ കഴിയുന്നവരാകണം ക്രിസ്ത്യാനികൾ. അതേസമയം ഈ ലോകത്തിൽനിന്നുണ്ടാകുന്ന ഏതു ആകർഷണത്തെയും അതേ വേഗത്തിൽ തട്ടിക്കളയുവാൻ നാം തയ്യാറാകണം. ക്രിസ്തുവിലായി തീർന്ന ക്രിസ്ത്യാനികൾ ക്രിസ്തുവിൽ പരിപൂർണ്ണരാണെന്ന ഉറപ്പിൽ ജീവിക്കണം. നാം ചോദിക്കാതെ തന്നെ നമ്മുടെ ആവശ്യങ്ങൾ നിറവേറ്റുവാൻ ശക്തനാണ് നമ്മുടെ കർത്താവ്. അവനിൽ വേരൂന്നി വളരണമെന്നു മാത്രം.

## അതിന്റെ പുഷ്പങ്ങൾ വേഗത്തിൽ പൊഴിക്കുന്നു

ഇയ്യോബിന്റെ സ്നേഹിതനായിരുന്ന എലീഫാസ് ഈ കാര്യം വ്യക്തമാക്കുന്നുണ്ട് (ഇയ്യോബ് 15:33). ഒന്നിടവിട്ടവർഷം പുഷ്പിക്കുന്ന വൃക്ഷമാണ് ഒലിവ്. എന്നാൽ അതിന്റെ പുഷ്പങ്ങൾ ധ്രുതഗതിയിൽ പൊഴിഞ്ഞുപോകും. ക്രിസ്ത്യാനികൾ ലോകത്തിലാണ് ജീവിക്കുന്നത്. ലോകത്തിന്റെ ആകർഷണങ്ങൾ പലതും നമ്മിലേക്ക് വരുവാനിടയുണ്ട്. അതിനെ ഉടനെ തൂത്തെറിയുവാൻ നമുക്ക് കഴിയണം. ദൈവനിയമത്തിനു വിരുദ്ധമായതിനെയെല്ലാം ഉടനെ ത്യജിക്കുവാനുള്ള മനസ് നമുക്ക് ഉണ്ടാകണം. ഇരുട്ടിന്റെ നിഷ്ഫല പ്രവർത്തികളെ നാം ഉപേക്ഷിക്കണം (റോമർ 13:12). പഴയ മനുഷ്യനെ ഉരിഞ്ഞു കളയുവാനാണ് ദൈവം ക്രിസ്ത്യാനികളോട് പറഞ്ഞിരിക്കുന്നത്. അവൻ നമ്മെക്കുറിച്ച് കരുതുന്നവനാകകൊണ്ടു നമ്മുടെ സകല ചിന്താകുലങ്ങളും അവങ്കൽ നാം ഇട്ടുകൊള്ളേണം എന്നു ദൈവം നമ്മെ പ്രബോധിപ്പിച്ചിരിക്കുന്നു (1 പത്രൊസ് 5:7).

സ്വന്തപ്രവർത്തികളും അഹങ്കാരവും ക്രിസ്ത്യാനികൾ വിട്ടുകളയണം. ദൈവജനത്തിന്റെ പോരാട്ടം ആത്മിയമാണ്. നാം ജഡത്തി

ലാണ് ജീവിക്കുന്നതെങ്കിലും നമുക്ക് പോരാടുവാനുള്ളത് ജഡരക്തങ്ങളോടല്ല. സങ്കല്പങ്ങളും ഊഹാപോഹങ്ങളും ക്രിസ്ത്യാനികൾ ഉപേക്ഷിക്കണം. നമ്മുടെ ചിന്ത എപ്പോഴും ക്രിസ്തുവിനെ പൂർണ്ണമായി അനുസരിക്കുക എന്നതായിരിക്കണം (2 കൊരിന്ത്യർ 10:2-5). ഭൗതികവിവേചനവും ആത്മികവിവേചനവും രണ്ടും രണ്ടാണ്. ദൈനന്തിനകാര്യങ്ങളിൽ തന്നെ തെറ്റും ശരിയും വിവേചിച്ച് തീരുമാനം എടുക്കുവാൻ മനുഷ്യർ വളരെ ക്ലേശിക്കുന്നുണ്ട്. പ്രാകൃതമായ ചിന്തകളും കണക്കുകൂട്ടലും നീക്കി കളയുവാൻ ദൈവം തന്റെ വചനത്തിൽ മുന്നറിയിച്ചിട്ടുണ്ട് (1 ശമുവേൽ 16:7). ദൈവം മനോഹരമായി കാണുന്നത് ഹൃദയശുദ്ധിയാണ് (സങ്കീർത്തനങ്ങൾ 29:2).

നന്മ സുവിശേഷിക്കുന്നവരുടെ കാൽ എത്ര മനോഹരം എന്നു എഴുതിയിരിക്കുന്നു (റോമർ 10:15). യെശയ്യാവ് യേശുവിനെ മനോഹരമായ ഒരു മുളയായി ഉപമിച്ചിട്ടുണ്ട്. ക്രിസ്ത്യാനികൾക്ക് സൗന്ദര്യം വേണം. അത് ആന്തരികവും ആത്മികവുമായിരിക്കണം. നമ്മുടെ ജീവിതം ദൈവത്തിനു സൗരഭ്യവാസനയായി തീരണം. നാം ഫലം കായ്ക്കുന്നവരുമായിരിക്കണം (യോഹന്നാൻ 15:5). നാം ശരീരത്തിൽ വഹിക്കേണ്ടത് ക്രിസ്തുവിന്റെ ചൂടടയാളം ആയിരിക്കണം (ഗലാത്യർ 6:17). "എന്നാൽ ബുദ്ധിമാന്മാർ ആകാശമണ്ഡലത്തിന്റെ പ്രഭ പോലെയും പലരേയും നീതിയിലേക്കു തിരിക്കുന്നവർ നക്ഷത്രങ്ങളെപോലെയും എന്നുമെന്നേക്കും പ്രകാശിക്കും (ദാനിയേൽ 12:3).

ഒരാൾ ക്രിസ്തുവിന്റെ വെളിച്ചത്തിൽ നടക്കുമ്പോൾ അയാൾ സൗന്ദര്യമുള്ള ആളായിത്തീരുന്നു. ക്രിസ്ത്യാനികൾ ആത്മിയ പ്രവർത്തനങ്ങളിൽ വിശ്വസ്തതയും സ്ഥിരതയും പുലർത്തണം. (1 തിമൊഥെയൊസ് 1:12; 1 കൊരിന്ത്യർ 4:2). ക്രിസ്ത്യാനികളായി മാത്രം ജീവിച്ചുകൊണ്ട് നല്ലൊരു ജീവിതമാർഗവും പ്രത്യാശയും ഉറപ്പുവരുത്തുന്ന ശ്രേഷ്ഠമായ സൗന്ദര്യത്തെ നമുക്ക് ലോകത്തിനു കാണിച്ചുകൊടുക്കാം. ഒലിവു വൃക്ഷം ഈ രീതിയിൽ അത്യുഷ്ണത്തെ അതിജീവിച്ച് ദീർഘകാലം നിലനില്ക്കുന്നു. അതുപോലെ ക്രിസ്ത്യാനികൾ ഏതു പ്രതിസന്ധിയിലും വാടാതെ എന്നേക്കും ജീവിക്കുക.

✶

# ഇരുട്ടിന്റെ അധികാരം

## ഗ്ലെൻ കൊളെ

നിങ്ങൾ എപ്പോഴെങ്കിലും പിശാചിനെ കുറിച്ചു വിസ്മയപ്പെട്ടിട്ടുണ്ടോ? അതെവിടെനിന്നു വന്നു? അതിനു എത്രമാത്രം ശക്തിയുണ്ട്? വാസ്തവത്തിൽ എന്താണ് സാത്താന്റെ പ്രവർത്തനം? ഈ ചോദ്യങ്ങളും അതുപോലെയുള്ളതുമെല്ലാം സാധാരണക്കാരിൽ നിന്നുയർന്നു വരുന്നതാണ്. എന്നാൽ ഇതിനെല്ലാം നമുക്ക് ഉത്തരം കണ്ടെത്താവുന്നതാണ്. ദൈവത്തിന്റെ വെളിപ്പാട് നാം പരിശോധിക്കണമെന്നു മാത്രം. ലോകത്തിൽ പിശാചിന്റെ രൂപം ഭയാനകമായാണ് ചിത്രീകരിച്ചിട്ടുള്ളത്. പക്ഷെ ദൈവത്തിന്റെ പരിശുദ്ധഗ്രന്ഥത്തിൽ വിവരിച്ചിട്ടുള്ളത് നമുക്ക് പരിശോധിക്കാം. സത്യവേദപുസ്തകം ഇതിനെ സംബന്ധിച്ച് വ്യക്തമായി ചിത്രം നല്കുന്നുണ്ട്.

വ്യത്യസ്തരീതിയിലും ഭാവത്തിലും പ്രത്യക്ഷപ്പെടുന്ന പിശാചിനെ ബൈബിളിൽ വേർതിരിച്ച് കാണിച്ചിട്ടുണ്ട്. അവനെ കുറിച്ച് വെളിപ്പാടുപുസ്തകത്തിൽ "സഹോദരന്മാരെ കുറ്റം ചുമത്തുന്നവൻ" എന്നാണ് പറഞ്ഞിരിക്കുന്നത്. ഒരു എതിരാളി അഥവാ പ്രതിയോഗിയായിട്ടാണ് പിശാചിനെക്കുറിച്ച് പത്രൊസ് പ്രതിപാദിച്ചിരിക്കുന്നത് (1 പത്രൊസ് 5:8). ക്രിസ്തു പറഞ്ഞിരിക്കുന്നത് അവൻ ഭോഷ്ക്ക് പറയുന്നവനും അവന്റെ അപ്പനും ആകുന്നു എന്നാണ് (യോഹന്നാൻ 8:44). അഗാധകൂപത്തിന്റെ ദൂതൻ എന്നു വെളിപ്പാടിൽ രേഖപ്പെടുത്തിയിരിക്കുന്നു (വെളിപ്പാട് 9:11). മത്തായി 13:39 ൽ അവനെ ശത്രു എന്നാണ് പറഞ്ഞിരിക്കുന്നത്. അവൻ ദുഷ്ടാത്മാവാണെന്നു ശമുവേലിന്റെ പുസ്തകത്തിൽ നാം വായിക്കുന്നു (1 ശമുവേൽ 16:14). പഴയനിയമത്തിൽ അവനെ ഭോഷ്ക്കിന്റെ ആത്മാവായി പറഞ്ഞിരിക്കുന്നു (1 രാജാക്കന്മാർ 22:22). ആദിമുതൽ കുലപാതകനാണ് പിശാച് (യോഹന്നാൻ 8:44). പഴയ പാമ്പ് എന്നു വെളിപ്പാട് 12:9 ൽ നാം വായിക്കുന്നു. പിശാചിനു ഇരുട്ടിന്റെ അധികാരമാണുള്ളതെന്നു കൊലൊസ്യർ 1:13 ൽ നാം വായിക്കുന്നു. ഈ ലോകത്തിന്റെ പ്രഭുവായി സാത്താനെ ചിത്രീകരിച്ചിട്ടുണ്ട് (യോഹന്നാൻ 12:31). അവനെ പരീക്ഷകൻ എന്നും പറഞ്ഞിട്ടുണ്ട് (മത്തായി 4:3). പിശാചിനെക്കുറിച്ചുള്ള സത്യമായ വസ്തുതകൾ താഴെ കൊടുത്തിരിക്കുന്നതു

നോക്കിയാൽ പിശാചിനെക്കുറിച്ചുള്ള പല തെറ്റിദ്ധാരണകളും മാറ്റു വാൻ കഴിയും.

1. ദൈവം ആദിമുതലുള്ള വ്യക്തിയായിരുന്നു എന്നു നമുക്ക് അറിയാം (ഉല്പത്തി 1:1). അതിനെ തുടർന്നു സാത്താന്റെ പ്രവർത്ത നത്തെക്കുറിച്ചും നമ്മോട് അരുളിച്ചെയ്തിട്ടുണ്ട് (ഉല്പത്തി 3:1). സക ലത്തെയും സൃഷ്ടിച്ചത് ദൈവമാകയാൽ സാത്താനെയും ദൈവ മാണ് സൃഷ്ടിച്ചത് എന്ന കാര്യത്തിൽ സംശയം വേണ്ട. പക്ഷെ അവന്റെ മനോഭാവം നിഷേധത്തിലാകുകയായിരുന്നു.

2. ദൈവവും മനുഷ്യരും തമ്മിൽ സംഭാഷണം നടത്തിയിരു ന്നു. ദൈവസന്നിധിയിൽ വന്ന പിശാചിനോട്, നീ എവിടെ നിന്നു വരുന്നു എന്ന് ദൈവം ചോദിക്കയുണ്ടായി. അതിന്ന് അവൻ, ഞാൻ ഭൂമിയിൽ ഊടാടി സഞ്ചരിച്ചിട്ടു വരുന്നു എന്ന് മറുപടി നല്കുന്നുണ്ട്. എന്റെ ദാസനായ ഇയ്യോബിനെ നീ കണ്ടുവോ? അവനെ പോലെ നേരുള്ളവനും വിശ്വസ്തനും ദോഷം വിട്ടകലുന്നവനും ദൈവ ഭക്തനുമായ വേറാരുമില്ലല്ലൊ എന്ന് ദൈവം അരുളിച്ചെയ്തു (ഇയ്യോബ് 1:7, 8). നന്മ മാത്രമുള്ള ദൈവവും തിന്മ മാത്രമുള്ള പിശാചും തമ്മിൽ സംസാരിക്കുകയോ എന്നു സംശയിച്ചേക്കാം. പക്ഷെ ദൈവത്തിന്റെ സ്വഭാവവിശേഷത മനുഷ്യരിൽ നിന്നു വ്യത്യ സ്തമാണ്.

3. ദൈവത്തിനു സാത്താനെ നിയന്ത്രിക്കുവാൻ കഴിയും. കാരണം അവൻ സർവ്വശക്തനാണ്. ഇയ്യോബിന്റെ പുസ്തകം വായിച്ചാൽ പഴയനിയമകാലത്ത് ദൈവം പിശാചിനു പ്രവർത്തിക്കുവാൻ അതിർ കല്പിച്ചിരുന്നതായി കാണാം. ദൈവം അനുവദിച്ചാലല്ലാതെ പിശാ ചിനു മനുഷ്യരെ പരീക്ഷിക്കുവാൻ കഴിയുകയില്ല എന്നു നാം മന സിലാക്കണം.

പരീക്ഷിക്കപ്പെടേണ്ടതിന് യേശുവിനെ മരുഭൂമിയിലേക്ക് കൊണ്ടു പോയി. പിശാച് യാദൃച്ഛികമായി അവിടെ വന്നതല്ല. അവനെ അവിടെ വരുവാനും യേശുവിനെ പരീക്ഷിക്കുവാനും ദൈവമാണ് അനുവദിച്ചത്. പല വിധത്തിൽ അവൻ യേശുവിനെ പരീക്ഷിച്ചുവെ ങ്കിലും അവസാനം പിശാച് പരാജയപ്പെട്ട് പിൻവാങ്ങി പോയി. ഒരു പരിധി വരെ നമ്മിൽ ദൈവം പരീക്ഷണത്തെ അനുവദിക്കും. നമുക്ക് അതിജീവിക്കുവാൻ കഴിയുന്നതിനപ്പുറം അവൻ നമ്മെ പരീക്ഷിക്കു

വാൻ പിശാചിനെ സമ്മതിക്കുകയില്ല എന്നതു എത്ര ആശ്വാസകരമാണ്. ദൈവം ഇപ്പോഴും പിശാചിനെ നിയന്ത്രിക്കുന്നുണ്ടോ എന്നു ചോദിച്ചേക്കാം. അങ്ങനെയെങ്കിൽ ദൈവം എന്തുകൊണ്ടാണ് പിശാചിന്റെ പ്രവൃത്തികളെ തടസപ്പെടുത്താത്തത്? അതിന്റെ ഉത്തരം പുതിയനിയമത്തിലുണ്ട്.

പരീക്ഷിക്കപ്പെടാത്ത മനുഷ്യരാരും കാണുകയില്ല. എന്നാൽ ദൈവം എങ്ങനെയാണ് ഇടപെട്ട് പ്രവർത്തിക്കുന്നതെന്നു നോക്കാം. “മനുഷ്യർക്ക് നടപ്പില്ലാത്ത പരീക്ഷ നിങ്ങൾക്ക് നേരിട്ടിട്ടില്ല. ദൈവം വിശ്വസ്തൻ. നിങ്ങൾക്ക് കഴിയുന്നതിനു മീതെ പരീക്ഷ നേരിടുവാൻ സമ്മതിക്കാതെ നിങ്ങൾക്ക് സഹിപ്പാൻ കഴിയേണ്ടതിന്നു അവൻ പോക്കുവഴിയും ഉണ്ടാക്കും”(1 കൊരിന്ത്യർ 10:13).

കഷ്ടത എന്ന വാക്കിനു അനുവദിക്കുന്നു എന്ന അർത്ഥവുമുണ്ട്. ദൈവം അനുവദിക്കുന്നു. പക്ഷെ സഹിപ്പാൻ കഴിയുന്നതിനപ്പുറമായി പിശാച് നമ്മെ പരീക്ഷിക്കുവാൻ ദൈവം അനുവദിക്കയില്ല. ഇയ്യോബിനെ ഒരു പരിധി വരെ പരീക്ഷിക്കുവാൻ അനുവദിച്ചു. അവൻ അതു സഹിച്ചു നിന്നു. അവസാനം പിശാച് പരാജയപ്പെടുകയും ഇയ്യോബ് നൂറുമടങ്ങ് അനുഗ്രഹത്തിനുടമയായിതീരുകയും ചെയ്തു. ഇപ്പോഴും വിശ്വസ്തരായ ക്രിസ്ത്യാനികളെ ഒരു പരിധി വരെ പരീക്ഷിപ്പാൻ ദൈവം അനുവദിക്കും. എന്നാൽ നാം വിശ്വാസം കൈവിടാതെ അതു സഹിച്ചു നിന്നാൽ, അനുഗ്രഹം പ്രാപിക്കും. സ്വയമായി തീരുമാനിച്ച് ദൈവസേവനത്തിനിറങ്ങുന്ന ദാസന്മാരെയാണ് ദൈവത്തിനിഷ്ടം. അതിനു ആത്മിയ സ്വഭാവവും സമർപ്പണവും വേണം. ക്ഷണഭംഗുരമായ ശക്തികൾക്കൊന്നും ഇളക്കാൻ പറ്റാത്തവരായിരിക്കണം അവർ. അധൈര്യമോ ഭീരുത്വമോ ദൈവത്തിനിഷ്ടമല്ല. അങ്ങനെയുള്ളവരെ ദൈവം തന്റെ ശുശ്രൂഷക്കാക്കുകയില്ല.

സ്വതന്ത്രമായി ചിന്തിച്ച് ദൈവകല്പനപ്രകാരം ജീവിക്കുന്നവരെ ദൈവത്തിനു ആവശ്യമുണ്ട്. അവർ സത്യത്തിനുവേണ്ടി നിലകൊള്ളുന്നവരാണ്. ലോകത്തിനു ഇഷ്ടം സാത്താനെയാണ്. സാത്താനെ സേവിക്കുന്നവരാണ് ലോകത്തിലുള്ളത്. ലൗകികമനുഷ്യർ പിശാചിന്റെ അടിമവേലക്കാരാണ്. പക്ഷെ ക്രിസ്തുവിലാകുന്നവർക്ക് സ്വാതന്ത്ര്യമുണ്ട്.

✶

# വിട്ടുവീഴ്ച്ച എന്ന പാപം

## ജോണി രാംസെ

ജീവിതത്തിൽ പല ഘട്ടങ്ങളിലും വിട്ടുവീഴ്ച്ചക്കു തയ്യാറാകുന്നവരും വിട്ടുവീഴ്ച്ച ചെയ്യാത്തവരുമായ മനുഷ്യരുണ്ട്. ഏതിലൊക്കെ വിട്ടുവീഴ്ച്ചയാകാം ഏതിൽ വിട്ടുവീഴ്ച്ച പാടില്ല എന്നു വിലയിരുത്തുന്നത് നാം തിരഞ്ഞെടുക്കുന്ന വിഷയത്തെ ആസ്പദമാക്കിയാണ്. പരസ്പരസമ്മതത്തോടെ നാം എന്തിനെങ്കിലും കീഴ്പ്പെടുന്നതിനു വിട്ടുവീഴ്ച്ച എന്നു പറയാം. ഒന്നോ ഒന്നിലധികമോ വ്യക്തികൾ തമ്മിലുള്ള ധാരണയുടെ അടിസ്ഥാനത്തിലുണ്ടാകുന്ന ഒന്നാണിത്. നിയമരഹിതമായ കാര്യങ്ങളിൽ വിട്ടുവീഴ്ച്ച ചെയ്യുന്നത് പാപമാണ്. നിരുപദ്രവകരമായ വിട്ടുവീഴ്ച്ച എന്നു പറഞ്ഞു ചില കാര്യങ്ങളിൽനിന്നു ഒഴിഞ്ഞുമാറുന്നതും കാണാം. പക്ഷെ പാപം ഏതു വിധത്തിലുള്ളതായാലും അപകടകരമാണ് എന്ന് തിരിച്ചറിയുക. സാഹിത്യരംഗത്തും രാഷ്ട്രീയ രംഗത്തും ചില കാര്യങ്ങളിൽ വിട്ടുവീഴ്ച്ച ചെയ്യുവാൻ മനസില്ലാതെ രാജി വെച്ച് പോകുന്ന ആദർശശാലികളായ ചില നേതാക്കന്മാരെ നമുക്ക് അറിയാം.

നിസ്വാർത്ഥമായ സേവനം നടത്തുന്നവർക്കു മാത്രമേ അതിനു കഴിയൂ. യാതൊരു വിട്ടുവീഴ്ച്ചയുമില്ലാതെ യുദ്ധക്കളത്തിൽ പോരാടി വീരമൃത്യു കൈവരിച്ച യോദ്ധാക്കളെ കുറിച്ച് നാം കേട്ടിട്ടുണ്ട്. എന്നാൽ ആത്മീയകാര്യങ്ങളിൽ നാം കാര്യങ്ങളെ എങ്ങനെ കൈകാര്യം ചെയ്യുന്നു എന്നതാണ് പ്രധാനം. കാരണം ദൈവകല്പനകളുടെ ഉറവിടം ദൈവമാണ്. ആ ദൈവത്തെയാണ് നാം പ്രസാദിപ്പിക്കേണ്ടത്. അതു തിരിച്ചറിഞ്ഞുവേണം നാം കാര്യങ്ങൾ തീരുമാനിക്കുവാൻ. കർത്താവിന്റെ സഭയിലുള്ളവർ അതിരുകൾ ലംഘിക്കുന്ന രീതിയിൽ വിട്ടുവീഴ്ച്ച ചെയ്യുവാൻ പാടില്ല. പുരാതനകാലത്തു സ്ഥാപിച്ചിട്ടുള്ളതും ബൈബിളിൽ പ്രതിപാദിച്ചിട്ടുള്ളതുമായ മാർഗരേഖ നാം ഉറപ്പു വരുത്തണം. കാരണം തിരുവെഴുത്തിനെ മാറ്റുവാനോ അതിനോട് കൂട്ടുവാനോ ആർക്കും കഴിയുകയില്ല. ക്രിയാത്മകമായ ചിന്തകളെകുറിച്ചു മാത്രം സംസാരിക്കുന്ന സഹോദരന്മാരെ കുറിച്ചു എന്തു പറയുവാനാണ്?

രണ്ടു കള്ളന്മാർക്കിടയിൽ അതി ദാരുണമായി ക്രൂശിക്കപ്പെട്ട

മനുഷ്യപുത്രന്റെ മരണം ക്രൂദ്ധരായ ജനവികാരത്തിന്റെ പ്രതിഫലനം മാത്രമായിരുന്നോ? സത്യത്തിനും നീതിക്കും വേണ്ടി അവസാനത്തോളം യത്നിച്ച ക്രിസ്തു അതിൽ നിന്നു ഒഴിഞ്ഞു മാറുകയോ വിട്ടുവീഴ്ച്ച ചെയ്യുകയോ ചെയ്തില്ല. അങ്ങനെ ചെയ്തിരുന്നുവെങ്കിൽ മനുഷ്യരിൽനിന്നുള്ള ഉപദ്രവം സഹിക്കേണ്ടിവരുമായിരുന്നില്ല. സത്യത്തിനും നീതിക്കും വിട്ടുവീഴ്ച്ച ചെയ്യാതെ ജീവിച്ച യേശു നമുക്ക് ഒരു തികഞ്ഞ മാതൃക നല്കിയിരിക്കുകയാണ്. ക്രിസ്തുവിനെ അനുഗമിക്കുന്നവർക്കുള്ള കാൽചുവടുകളാണവ.

പുതിയ നിയമത്തിലെ ഉപദേശരൂപത്തെ പഠിപ്പിക്കുന്നതിനെ മാറ്റി യുവാക്കളെ ആകർഷിക്കുന്നതിനായി വിനോദരസപ്രദമായ കാര്യങ്ങൾക്ക് ചില ഉപദേഷ്ടാക്കന്മാർ ഊന്നൽ കൊടുക്കുന്നതുകൊണ്ട് സഭയിലെ അംഗങ്ങളിൽ ഏതാണ്ട് മുപ്പതുശതമാനം ആളുകളിലും ബൈബിൾ പഠനത്തിന്റെ പ്രാധാന്യം തന്നെ അന്യമായിക്കൊണ്ടിരിക്കുന്നു. അതുകൊണ്ടുള്ള കുഴപ്പം എന്തെന്നാൽ ചിലർക്ക് മറ്റുള്ളവരെ സത്യം പഠിപ്പിക്കുവാനുള്ള പരിജ്ഞാനം ഇല്ലാതെ വരുന്നു. അതിന്റെ കാരണം മുഖ്യധാരയിൽനിന്നു നേതൃത്വം കൊടുക്കുന്നവർ വിട്ടുമാറി. അവർ സത്യത്തിനു വിട്ടുവീഴ്ച്ച വരുത്തി എന്നതാണ് മുഖ്യ പ്രശ്നം. അപ്പൊസ്തലന്മാരുടെ കാലത്ത് അങ്ങനെ സംഭവിച്ചിരുന്നില്ല.

സഹോദരന്മാരേ, നാം സത്യം അറിയുകയും സത്യം അനുസരിക്കുകയും ചെയ്തവരാണ്. സത്യത്തിനു പകരമായി മറ്റൊന്നില്ല. സത്യത്തെ മലിനപ്പെടുത്തരുത്. സത്യത്തിനു മറ്റൊന്നിന്റേയും ആവശ്യമില്ല. സത്യത്തിൽ വിശ്വാസമില്ലാത്തവരാണ് അതിനു പകരമായി മറ്റൊന്നിനു ശ്രമിക്കുന്നത്. നമ്മുടെ ജീവനും ഭക്തിക്കും വേണ്ടതെല്ലാം ഉൾപ്പെടുത്തിയിരിക്കുന്ന സത്യത്തിന്റെ മാഹാത്മ്യം എല്ലാവരും തിരിച്ചറിയണം. സ്വാർത്ഥതയോ കാര്യലാഭമോ ആയിരിക്കാം അവരെ അതിനു പ്രേരിപ്പിക്കുന്നത്. കാരണം എന്തു തന്നെയായാലും പൂർണ്ണമായ സത്യമാണ് ആളുകൾക്ക് എന്നും ആവശ്യം. കാരണം ലോകത്തിൽ അസത്യമാണുള്ളത്. എല്ലാവരും ദൈവത്തോട് കണക്കു ബോധിപ്പിക്കേണ്ടവരാണ് എന്നോർമ്മിക്കുക.

ചിലർ നാമധേയവിഭാഗങ്ങളെ അനുകരിച്ച് പ്രവർത്തിക്കാറുണ്ട്. അവർ ആളുകളെ കൂട്ടുന്നതിനും പേരുണ്ടാക്കുന്നതിനും വേണ്ടി

യാണ് അത് ചെയ്യുന്നത്. പക്ഷെ അവർ ദൈവവചനത്തെ ദുരുപയോഗം ചെയ്യുകയാണ്. സത്യത്തിനുവേണ്ടി പ്രാണത്യാഗത്തോളം എതിർത്തു നില്ക്കുവാനും ഏക വിശ്വാസത്തിനായി പോരാടുവാനും ഓരോ ക്രിസ്ത്യാനിയും തയ്യാറാകണം. ബൈബിൾ സത്യത്തെ മാനിക്കുകയും ബൈബിൾ തത്വപ്രകാരം നാം ജീവിക്കുകയും വേണം. നാം വിതെക്കുന്നതാണ് കൊയ്യുന്നത്. സത്യം വിതെച്ചാൽ അതിന്റെ ഫലം കൊയ്യും. അതിനുപകരം മറ്റെന്തെങ്കിലും വിതെച്ചാൽ ഫലം വ്യത്യസ്തമായിരിക്കും. സത്യക്രിസ്ത്യാനികൾ ശരിയായ മാതൃക കാണിച്ചുകൊടുക്കണം. നാം ലോകത്തിന് കീഴ്പ്പെടരുത്. നാം ദൈവത്തിനും അവന്റെ ആത്മാവിനും കീഴ്പ്പെട്ടു ജീവിക്കണം.

മാനുഷികവും ലൗകികവുമായ നമ്മുടെ കാഴ്ച്ചപ്പാടുകൾ ദൈവത്തിന്റെ വഴിയിൽനിന്നു നമ്മെ വ്യതിചലിപ്പിക്കാതെ നോക്കണം. ചുരുക്കിപ്പറഞ്ഞാൽ നാം ദൈവഹിതത്തോടു നീതി പുലർത്തി വേണം ജീവിക്കുവാൻ എന്നർത്ഥം. കുട്ടികളും യുവാക്കളുമെല്ലാം എവിടെ? ഭാവിയിൽ അവരാണല്ലോ സഭയെ നയിക്കേണ്ടവർ. അവരുടെ സാന്നിദ്ധ്യം ബൈബിൾ പഠനത്തിലും ആരാധനയിലും നിങ്ങൾ ഉറപ്പുവരുത്താറുണ്ടോ? അതോ നിങ്ങൾ അവരുടെ കാര്യത്തിൽ വിട്ടുവീഴ്ച്ച ചെയ്യുന്നുണ്ടോ? ബലഹീന സഹോദരന്മാർ സമൂഹത്തിന്റെ ഒഴുക്കനുസരിച്ച് നീങ്ങുവാൻ ശ്രമിക്കും. അവരുടെ വിചാരം നമ്മൾ സമൂഹത്തിലല്ലേ ജീവിക്കുന്നത്? നമുക്ക് അവരെ പിണക്കാമോ എന്നാണ്.

നാം ചെയ്യുന്നതെല്ലാം ദൈവത്തിന്റെ അംഗീകാരത്തോടും സമ്മതത്തോടുംകൂടെ മാത്രമെ ചെയ്യാവൂ. തിരുവെഴുത്തിലെ ദൈവപുരുഷന്മാർ എല്ലാവരും അങ്ങനെയാണ് ചെയ്തിരുന്നത്. ദൈവവചനം പൂർണ്ണമായും വിട്ടുവീഴ്ച്ചയില്ലാതെ അനുസരിക്കുവാൻ ധൈര്യം വേണം. കർത്താവ് സർവ്വശക്തനാണ്. അവന്റെ ശക്തിയെ നാം അഗണ്യമായി വിചാരിക്കരുത്. ബന്ധുക്കളുടെ സമ്മർദ്ദത്തിനു വഴങ്ങി അവരെ പ്രസാദിപ്പിക്കുവാൻ ചില വിട്ടുവീഴ്ച്ചകൾ നടത്തുന്നവരുണ്ട്. അവരുടെ തെറ്റായ കാഴ്ച്ചപ്പാടുകളനുസരിച്ച് അവർക്ക് കീഴ്പ്പെട്ടുപോയാൽ അവരെ നമുക്ക് ഒരിക്കലും കർത്താവിങ്കലേക്ക് കൊണ്ടുവരുവാൻ സാധ്യമല്ല. നാമധേയവിഭാഗത്തിലുള്ള ബന്ധുക്കളെ ഭയന്ന്

അവരുടെ ആത്മീയ കാര്യങ്ങളിൽ പങ്കെടുക്കുന്നവരുണ്ട്. അങ്ങനെയുള്ളവർ വിചാരിക്കുന്നത് നമ്മൾ അവരുടെ കാര്യത്തിനു പോയില്ലെങ്കിൽ അവർ നമ്മൾ വിളിച്ചാൽ വരികയില്ല എന്നാണ്. അതു സത്യത്തിന്റെ വില ശരിക്ക് മനസിലാക്കാത്തതുകൊണ്ടാണ്. സത്യത്തിന്റെ യഥാർത്ഥ ശക്തി അനുഭവിച്ചവർക്ക് മാത്രമെ തിരിച്ചറിയുവാൻ കഴിയൂ. പരിവർത്തനം ചെയ്യാത്തവരെയും, സത്യം കേൾക്കാതിരിക്കുന്നവരെയും നാം തിരിക്കേണ്ടതു സത്യത്താൽ മാത്രമാണ്.

സത്യത്തിനു രക്തബന്ധത്തിന്റെ മഹിമയോ സ്നേഹബന്ധത്തിന്റെ മഹിമയോ പ്രശ്നമാക്കരുത്. നീതിയും സത്യവും ഉള്ള വഴി ഒന്നുമാത്രമാണ്. വിശ്വാസം, ഉപദേശം, പ്രത്യാശ, സ്നാനം, കർത്താവ്, പിതാവ് എല്ലാം ഒന്നു മാത്രം. ദൈവാധികാരം വെളിപ്പെടുത്തിയിരിക്കുന്ന കർത്താവിന്റെ വചനമാണ് ഏതിനും മനുഷ്യർ സ്വീകരിക്കേണ്ടത്. മനുഷ്യരേക്കാൾ നാം ദൈവത്തെ ബഹുമാനിക്കയും ആദരിക്കയും ചെയ്യണം. ദൈവത്തോടുള്ള ആദരവ് നാം പ്രകടിപ്പിക്കേണ്ടത് അവന്റെ ഇഷ്ടപ്രകാരമായിരിക്കണം (ഗലാത്യർ 1:10).

സത്യത്തിനു അണുവിടപോലും വിട്ടുവീഴ്ച്ച ചെയ്യാതിരുന്ന വ്യക്തിയായിരുന്നു അപ്പൊസ്തലനായ പൗലൊസ്. പുതിയനിയമം ആരംഭിച്ച സമയത്ത് ക്രിസ്തുവന്റെ ശിഷ്യന്മാരായി തീർന്നവർ സത്യത്തിനുവേണ്ടി നിലകൊണ്ടു. ആദ്യമായി രക്തസാക്ഷിയായി തീർന്ന ക്രിസ്ത്യാനിയായിരുന്നു സ്തെഫാനൊസ്. തുടർന്നു വാളാൽ യാക്കൊബ് കൊല്ലപ്പെട്ടു. അപ്പൊസ്തലന്മാരും നിരവധി ക്രിസ്ത്യാനികളും സത്യത്തിനു വിട്ടുവീഴ്ച്ച ചെയ്യാതിരുന്നതുകൊണ്ടാണ് മരിക്കേണ്ടി വന്നത്. അവരെല്ലാം ഭൗതികജീവനേക്കാൾ ആത്മികജീവനെ വലുതായി കണ്ടു. ജീവനുള്ള ദൈവത്തെ അവർ ഭീഷണിയുണ്ടായിട്ടും മരണം സ്വീകരിക്കേണ്ടി വന്നിട്ടും തള്ളിക്കളഞ്ഞില്ല. ഭൂരിഭാഗം പേരും താന്താങ്ങൾക്ക് ബോധിച്ചതു ചെയ്യുമ്പോൾ അവർ പിശാചിനു അവസരം കൊടുക്കുകയാണ്. ക്രിസ്ത്യാനികൾ കാരമുള്ള ഉപ്പായി തീരണം.

✶

# അവർ എന്തു ചെയ്തു?

## ബെറ്റി ബർട്ടൻ ചോട്ട്

ബൈബിളുമായി മേശക്കു ചുറ്റും ഇരുന്നപ്പോൾ, നമ്മുടെ ബൈബിൾ പഠനം എനിക്ക് വളരെ ഇഷ്ടമായി എന്നു റെയിച്ചൽ ആൻഡ്രുവിനോടു പറഞ്ഞു. തനിക്കും വളരെ ഇഷ്ടമായെന്ന് ആൻഡ്രുവും പറഞ്ഞു. അവർ സത്യത്തിന്റെ പരിജ്ഞാനത്തിൽ വളരുവാനാണ് തീരുമാനിച്ചത്.

ബൈബിളും മതവും മനുഷ്യനെ ദുഃഖിപ്പിക്കുന്നതാണെന്ന ആശയം പ്രചരിപ്പിച്ചതെന്തുകൊണ്ടാണെന്നറിയില്ല. ഒരുപക്ഷെ ആളുകൾ അതു ശരിയായി മനസിലാക്കാത്തതുകൊണ്ടാകാം. തിരുവെഴുത്തിൽ നന്മയെയും തിന്മയേയും വേർതിരിച്ച് കാണിച്ചിട്ട് രണ്ടിന്റേയും ഫലങ്ങൾ വ്യക്തമാക്കിയിട്ടുണ്ട്. പലരും ജീവിതത്തിലെ പല നല്ല വശങ്ങളും നഷ്ടമാക്കിക്കൊണ്ടിരിക്കുകയാണ് എന്ന് സമ്മതിച്ചേ തീരൂ.

അപ്പൊസ്തലപ്രവൃത്തികളുടെ പുസ്തകം ഇന്നുച്ചകഴിഞ്ഞ് ഞാൻ വായിക്കയുണ്ടായി. യേശുവിന്റെ നാമത്തിൽ സംസാരിച്ചു വന്ന അപ്പൊസ്തലന്മാരോട് അന്നത്തെ മതാദ്ധ്യക്ഷന്മാർക്ക് ശത്രുത തോന്നി. കോപിതരായ അവർ ഒരു ക്രിസ്ത്യാനിയെ കല്ലെറിഞ്ഞു കൊന്നതായും നാം വായിക്കുന്നു. പിന്നീട് ശൗൽ എന്നു പേരുള്ള ഒരുവൻ ക്രിസ്ത്യാനികളെ പിടിച്ചു തടവിലാക്കുകയും കൊല്ലിക്കുകയും ചെയ്തായി നാം കാണുന്നു. ആ ഉപദ്രവം അവൻ വിചാരിച്ചതിന്റെ വിപരീതഫലമാണ് ഉളവാക്കിയത്. ഉപദ്രവത്തെ ഭയന്ന് ക്രിസ്ത്യാനികൾ അവിടവിടെ ചിതറി ഓടിപോയി. അവർ പോയ സ്ഥലങ്ങളിലെല്ലാം വചനം സംസാരിച്ചു. അതു അപ്പൊസ്തല പ്രവൃത്തികൾ 8-ാം അദ്ധ്യായത്തിൽ നാം വായിക്കുന്നു. പിന്നെ ഫിലിപ്പൊസ് ശമര്യ പട്ടണത്തിൽ പോയി ക്രിസ്തുവിനെ പ്രസംഗിച്ചു. എന്നാൽ ദൈവരാജ്യത്തേയും യേശുവിന്റെ നാമത്തേയും പ്രസംഗിച്ച ഫിലിപ്പൊസിനെ ആളുകൾ വിശ്വസിച്ചപ്പോൾ സ്ത്രീകളും പുരുഷന്മാരും സ്നാനം ഏറ്റു (പ്രവൃത്തികൾ 8:12). സ്ത്രീകളും പുരുഷന്മാരും അവിടെ സ്നാനം ഏറ്റു എന്നു പറഞ്ഞിരിക്കുന്നതുകൊണ്ട്

ആ കൂട്ടത്തിൽ കുട്ടികൾ ഉണ്ടായിരുന്നില്ല എന്നു സ്പഷ്ടം. ശിശുക്കൾക്ക് സ്നാനം ആവശ്യമില്ല കാരണം അവരിൽ പാപം ഇല്ല.

അന്നു ആളുകളോട് അവർ സുവിശേഷം പ്രസംഗിച്ചപ്പോൾ ആളുകൾ ക്രിസ്ത്യാനികളായി തീർന്നതെങ്ങനെ എന്നു നമുക്ക് പരിശോധിച്ചോലോ എന്ന ആശയം ആൻഡ്രുവിനുണ്ടായി. അന്നു സംഭവിച്ച കാര്യങ്ങൾ നാം പരിശോധിക്കുന്നതു നമ്മുടെ ബൈബിൾ പഠനത്തിനു സഹായകരമായിരിക്കുമെന്നു റെയിച്ചലും പറഞ്ഞു. ഉടനെ ഒരു ബുക്കും പേനയും എടുത്ത് സംശയങ്ങളും എല്ലാം കുറിക്കുവാൻ തുടങ്ങി.

ആദ്യമായി സുവിശേഷം അറിയിച്ചതു അപ്പൊസ്തലന്മാരായിരുന്നു. അവർ യേശുവിന്റെ ആജ്ഞപ്രകാരമായിരുന്നു അതു ചെയ്തത്. കേട്ടവർ യെഹൂദന്മാരായിരുന്നു. സംഭവിച്ചത് യെരുശലേമിലായിരുന്നു. അപ്പൊസ്തലപ്രവൃത്തികൾ രണ്ടാം അദ്ധ്യായം വായിച്ചാൽ അതു മനസിലാകും. അവരുടെ പ്രസംഗവിഷയം എന്തായിരുന്നു എന്നു നോക്കുക. ദൈവപുത്രനായ യേശുവിനെ കുറിച്ചായിരുന്നു അവരുടെ പ്രസംഗം. പ്രതികരണം എന്തായിരുന്നു? അവരുടെ ഹൃദയത്തിൽ കുത്തുകൊണ്ട് തങ്ങൾ എന്തുചെയ്യേണമെന്നായിരുന്നു ചോദിച്ചത്. അപ്പൊസ്തലന്മാർ അവരോട്, നിങ്ങൾ ഓരോരോരുത്തരും മാനസാന്തരപ്പെട്ടു നിങ്ങളുടെ പാപമോചനത്തിനായി സ്നാനമേല്പിൻ എന്നാൽ പരിശുദ്ധാത്മാവ് എന്ന ദാനം നിങ്ങൾക്ക് ലഭിക്കും എന്നു പറഞ്ഞു (പ്രവൃത്തികൾ 2:38).

സംഭവം നടന്നത് യെരുശലേം ദേവാലയത്തിലായിരുന്നു എന്നത് പ്രത്യേകം ഓർമ്മിക്കുക. പ്രവൃത്തി 3-ഉം 4-ഉം അദ്ധ്യായങ്ങളിലും സുവിശേഷപ്രസംഗം തുടരുന്നുണ്ട്. കേട്ട ആളുകൾ അനുസരണത്തിനായി പ്രതികരിച്ചു. വിശ്വസിച്ചവർ വചനം കൈക്കൊണ്ടു. എന്നാൽ വിശ്വസിക്കാത്തവർ പുരുഷാരത്തെ അപ്പൊസ്തലന്മാർക്കെതിരായി ജനത്തെ ഇളക്കി വിട്ടു. പക്ഷെ അവർ സംസാരിച്ചത് ദൈവത്തിൻവചനമാണെന്നു തെളിയിക്കുവാനും അതുറപ്പിക്കുവാനും അവർ അത്ഭുതങ്ങളും അടയാളങ്ങളും ചെയ്തു. വചനത്താൽ വീണ്ടും ജനിച്ചവർ സന്തോഷത്തോടെ അവർ അനുഭവിച്ചത് മറ്റുള്ളവരെ അറിയിച്ചുകൊണ്ടിരുന്നു. ദൈവവചനം പരക്കുകയും വിശ്വസിച്ചവരുടെ എണ്ണം വർദ്ധിക്കുകയും ചെയ്തു.

യെഹൂദ്യ, ശമര്യ തുടങ്ങി ഭൂമിയുടെ അറ്റത്തോളം എന്റെ സാക്ഷികളാകുവിൻ എന്ന കർത്താവിന്റെ കല്പന അവർ നിവർത്തിയാക്കി. പുരോഹിതന്മാരിൽ പോലും ഒരുകൂട്ടം പേർ വചനം അനുസരിച്ച് സ്നാനം ഏറ്റു അവരോട് ചേർന്നു. ആഭിചാരകനായിരുന്ന ശിമോൻ പോലും വിശ്വാസത്തിനധീനനായി എന്നതു എടുത്തു പറയേണ്ടതാണ്. അപ്പോഴെല്ലാം അവരുടെ പ്രസംഗ വിഷയം ക്രിസ്തുവായിരുന്നു. ഐത്യോപ്യനായ ഒരു ഷണ്ഡൻ തിരുവെഴുത്തു വായിച്ചുകൊണ്ടുപോയപ്പോൾ ആത്മാവ് ഫിലിപ്പൊസിനോട് കല്പിച്ചതനുസരിച്ച് അവൻ ചെന്ന് ഷണ്ഡനോട് ക്രിസ്തുവിനെ കുറിച്ച് സംസാരിച്ചു. അങ്ങനെ അവർ വഴി പോകുമ്പോൾ വെള്ളമുണ്ടായിരുന്ന സ്ഥലത്ത് എത്തിയപ്പോൾ തനിക്ക് സ്നാനം ഏല്ക്കുവാൻ എന്തു വിരോധം എന്നു ചോദിക്കുകയും യേശുവിനെ വിശ്വസിക്കുന്നത് ഏറ്റു പറയുവാൻ അവസരമൊരുക്കുകയും അവൻ സ്നാനം ഏല്ക്കുകയും സന്തോഷത്തോടെ അവന്റെ വഴിക്ക് പോകുകയും ചെയ്തു.

✶

# വ്യക്തിപരമായ സ്പർശനം

## ജോണി രാംസെ

യോഹന്നാൻ എഴുതിയ സുവിശേഷത്തെ കുറിച്ച് ചർച്ച ചെയ്യാമെന്നു വിചാരിക്കയാണിപ്പോൾ. എല്ലാ മനുഷ്യർക്കുമായി എഴുതപ്പെട്ട യേശുവിന്റെ ചരിത്രമാണത്. അവന്റെ ദൈവികത്വത്തെ ഊന്നി പറയുകയും വ്യക്തികളോടുള്ള അവന്റെ താല്പര്യത്തെ ഇതിൽ എടുത്തു കാണിക്കയും ചെയ്യുന്നുണ്ട്. ക്രിസ്തുവിന്റെ മാനുഷ സ്പർശത്തെ നമുക്ക് ആ പുസ്തകത്തിൽ കാണാം. മറ്റു മൂന്നു പുസ്തകങ്ങളിൽ നിന്നു വ്യത്യസ്തമാണ് യോഹന്നാന്റെ സുവിശേഷം. ക്രിസ്തുവിനോടും അവന്റെ രാജ്യത്തോടും ഉള്ള ലോകത്തിന്റെ പ്രതികരണവും ഇതിൽ കാണാം. ക്രിസ്ത്യാനിത്വം ആരംഭിച്ചശേഷം ഉയർന്നു വന്ന തെറ്റുകളെ തിരുത്തുന്നതും ഇതിൽ രേഖപ്പെടുത്തിയിട്ടുണ്ട്. തന്റെ പ്രിയപ്പെട്ട അമ്മയെ അവസാനം യേശു തന്റെ അരുമശിഷ്യനായിരുന്ന യോഹന്നാനെ ഏല്പിച്ചുകൊടുക്കു

ന്നതും ഈ ഭാഗത്തു വിവരിക്കുന്നുണ്ട്.

പ്രാരംഭ ഖണ്ഡിക തന്നെ ഏറ്റവും മനോഹരമാണ്. "ആദിയിൽ വചനം ഉണ്ടായിരുന്നു, വചനം ദൈവത്തോടുകൂടെയായിരുന്നു. വചനം ദൈവം ആയിരുന്നു." ഇരുളിൽ പ്രകാശിക്കുന്ന വെളിച്ചമായിരുന്നു ക്രിസ്തു. ഇരുട്ട് അവനെ പിടിച്ചടക്കിയതുമില്ല. അവൻ സ്വന്തമായവരിലേക്ക് വന്നു. സ്വന്തമായവരോ അവനെ കൈക്കൊണ്ടില്ല എന്നും നാം വായിക്കുന്നു. വചനം ജഡമായിത്തീർന്നു കൃപയും സത്യവും നിറഞ്ഞവനായി നമ്മുടെ ഇടയിൽ പാർത്തു. അവന്റെ തേജസ് കണ്ടവർ പിതാവിൽനിന്ന് ഏകജാതനായവന്റെ തേജസായിട്ടാണ് കണ്ടത്. യോഹന്നാൻ സ്നാപകൻ അവനെ കണ്ടിട്ടു, ഇതാ ലോകത്തിന്റെ പാപം ചുമക്കുന്ന ദൈവത്തിന്റെ കുഞ്ഞാട് എന്നു പറഞ്ഞിരുന്നു (യോഹന്നാൻ 1:29).

അവൻ യെഹൂദന്മാരുടെ രാജാവായി അറിയപ്പെട്ടിരുന്നു. മനുഷ്യരെ സ്വർഗ്ഗത്തിലേക്ക് നയിക്കുന്ന നായകനാണ് ക്രിസ്തു എന്നു യോഹന്നാൻ ഒന്നാം അദ്ധ്യായം വെളിപ്പെടുത്തുന്നുണ്ട്. അവൻ നമുക്ക് വേണ്ടി സ്ഥലം ഒരുക്കുവാൻ പോകുന്നതായിട്ടാണ് പറഞ്ഞിരിക്കുന്നത്. സ്വർഗത്തിൽ അനേക വാസസ്ഥലങ്ങളുണ്ട്. യേശുക്രിസ്തു തന്റെ ശുശ്രൂഷക്കിടയിൽ ദൈവാലയത്തെ ശുദ്ധീകരിക്കയുണ്ടായി ലൗകികതയുടെ മായയും അന്നത്തെ ജനത്തിന്റെ അധാർമ്മികതയും യേശു തുറന്നു കാണിച്ചു. തന്റെ ശിഷ്യനായിതീർന്നു അവന്റെ വചനത്തിൽ വസിച്ചാൽ മാത്രമെ ഫലം പുറപ്പെടുവിക്കുവാൻ കഴിയു എന്നു കർത്താവ് അരുളിച്ചെയ്തു. ഫലം പുറപ്പെടുവിക്കാത്തവരെ നശിപ്പിക്കുമെന്നും അവൻ മുന്നറിയിച്ചിട്ടുണ്ട്.

ശമര്യക്കാരി ചെയ്ത കാര്യങ്ങളെല്ലാം യേശു തുറന്നു സംസാരിച്ചു. യഥാർത്ഥത്തിലുള്ള നമസ്ക്കാരം എന്താണെന്നു അവൻ എല്ലാവരുടേയും അറിവിലേക്ക് വെളിച്ചം വീശി. പിന്നെ അവൻ പറഞ്ഞു, "ഇനി നാലു മാസം കഴിഞ്ഞിട്ട് കൊയ്ത്തു വരുന്നു എന്നു നിങ്ങൾ പറയുന്നില്ലയോ. നിങ്ങൾ തലപൊക്കി നോക്കിയാൽ ഇപ്പോൾ തന്നെ കൊയ്ത്തിനു വെളുത്തിരിക്കുന്നത് കാണാം." കൂടാതെ നന്മ ചെയ്തവർക്കും തിന്മ ചെയ്തവർക്കും പുനരുത്ഥാനമുണ്ട് എന്ന് കർത്താവു മുന്നറിയിച്ചിട്ടുണ്ട്. അതു തെളിയിക്കുവാൻ അവൻ മരിച്ചവരെയും ഉയർപ്പിച്ചിട്ടുണ്ട്.

✶

# വാർത്തകൾ

## പുതിയ വീട് സ്വന്തമാക്കുക

ദീർഘകാല മൂലധനം ലഭിക്കുന്നത് പാർപ്പിടം/ഭവനം വിൽപനയിൽ നിന്നാണെങ്കിൽ 54 വകുപ്പു പ്രകാരം പുതിയ വീട് പണിയുകയോ പുതിയ വീട് വാങ്ങുകയോ ചെയ്താൽ കിഴിവ് ലഭിക്കും. വിൽക്കുന്നത് കെട്ടിടമില്ലാത്ത ഭൂമി അഥവാ മറ്റ് ആസ്തിയാണെങ്കിലും പുതിയ വീട് പണിയുകയോ വാങ്ങുകയോ ചെയ്താൽ 54 എഫ് വകുപ്പ് പ്രകാരം കിഴിവ് ലഭിക്കും.

✶

## തീവ്രവാദ ബന്ധം തെളിഞ്ഞില്ല; കേന്ദ്ര ഏജൻസികളുടെ ചോദ്യം ചെയ്യൽ തുടരുന്നു

വെള്ളിയാഴ്ച്ച രാത്രി വൈകി നഗരത്തിലെ ലോഡ്ജിൽ നിന്നു പിടിയിലായ ശ്രീലങ്കൻ തമിഴ് വംശജരെ മനുഷ്യക്കടത്തിന്റെ ഭാഗമായി ഓസ്ട്രേലിയയിൽ കൊണ്ടുപോകാൻ എത്തിച്ചതാണെന്നു കേന്ദ്ര അന്വേഷണ ഏജൻസികളുടെ അന്വേഷണത്തിൽ കണ്ടെത്തി.

✶

## ഡൽഹി ചീഫ് ജസ്റ്റിസിന്റെ ഇ മെയിലിൽ നിന്നു വ്യാജസന്ദേശം

ഇന്റർനെറ്റ് തട്ടിപ്പിന്റെ ഒടുവിലത്തെ ഇരയായി ഡൽഹി ഹൈക്കോടതി ആക്ടിങ് ചീഫ് ജസ്റ്റിസ് മദൻ ബി. ലോക്കറും തന്റെ ഇ. മെയിലിൽ കടന്നുകൂടിയ നുഴഞ്ഞുകയറ്റക്കാർ വ്യാജസന്ദേശങ്ങൾ അയച്ചുവെന്ന് ആരോപിച്ചു ജസ്റ്റിസ് മദൻ രംഗത്തെത്തി.

✶

**Watch!**

# SATHYANADAM

# TV PROGRAM

## TRUE GOSPEL MESSAGE

## Speaker:

# Bro.P.K. VARGHESE

Saturday **6 am to 6.30 am**

**On JAI HIND CHANNEL**

## ഉലഞ്ഞ സൗഹൃദം

## പുതുക്കി ദിഗ്‌വിജയ്- ചിദംബരം ചർച്ച

സാമൂഹിക ഉദ്യോഗസ്ഥ മേഖലകളിൽ ആർ.എസ്.എസ്. നടത്തുന്ന കടന്നുകയറ്റത്തെ കുറിച്ചു ചർച്ച ചെയ്ത കോൺഗ്രസ് ജനറൽ സെക്രട്ടറി ദിഗ്‌വിജയ് സിങ്ങും ആഭ്യന്തരമന്ത്രി പി. ചിദംബരവും ഇരുവർക്കുമിടയിൽ രാഷ്ട്രീയ വെടിനിർത്തലിനെ കുറിച്ചു സൂചന നൽകുന്നു.

★

## കേന്ദ്രീയ വിദ്യാലയം:

## രണ്ടു കുട്ടികളെ എംപിക്കു നിർദേശിക്കാം

കേന്ദ്രീയ വിദ്യാലയ പ്രവേശനത്തിന് ഓരോ വർഷവും രണ്ടു വിദ്യാർത്ഥികളെ വീതം നിർദേശിക്കാൻ എം.പി. മാർക്കുണ്ടായിരുന്ന അവകാശം പുനഃസ്ഥാപിക്കുവാൻ മാനവശേഷി മന്ത്രി കപിൽ സിബൽ രാജ്യസഭയിൽ അറിയിച്ചു. രാജ്യത്താകെ 977 കേന്ദ്രീയ വിദ്യാലയങ്ങളുണ്ട്.

★

## ചാരമേഘം: സ്പെയിനിൽ

## വിമാനത്താവളങ്ങൾ അടച്ചു

ഐസ്‌ലാൻഡിലെ അഗ്നിപർവത സ്ഫോടനത്തിന്റെ ഫലമായി ഉണ്ടായ ചാരമേഘങ്ങൾ മൂലം യൂറോപ്പിലെ വ്യോമഗതാഗതം തടസ്സപ്പെട്ടു. സ്പെയിനിലെ 15 വിമാനത്താവളങ്ങൾ അടച്ചതായും പോർചുഗലിൽ നിന്നുള്ള 104 വിമാനങ്ങൾ റദ്ദു ചെയ്തതായും അധികൃതർ അറിയിച്ചു.

★

കാണുക!

# സത്യനാദം

ബ്രദർ.പി.കെ

വർഗ്ഗീസ്

പ്രസംഗിക്കുന്നു

എല്ലാ ശനിയാഴ്ച്ചയും

രാവിലെ 6 മണിക്ക്

ജയ്ഹിന്ദ് ടിവിയിൽ

കാണുക!

## HEAR THE VOICE OF TRUTH ON RADIO
# SRILANKA

| | |
|---|---|
| **Hindi** | Sundays 6.45 A.M.-7.00 A.M. and Thursdays, 6.45A.M- 7.00 A.M. A.M. Speaker Sunny David, Church of Christ, B-350, Chitharanjan Park, New Delhi-110019 |
| **Malayalam** | Friday 3.45-4.00 P.M.<br>TV Program - Every Saturday at 6.00 a.m. (Jai Hind TV)<br>Speaker: P.K. Varghese, **Church of christ** Thampuranmukku, Trivandrum-35 |
| **Tamil** | Mondays, Tuesdays, Thursdays, Fridays 5.30 P.M. to 5.45 P.M. Speaker: P.R. Swamy, Box 8405 Bangalore-560084 |
| **Telugu** | Sundays, Mondays, Wednesdays, Thursdays, 2.00 P.M-2.15 P.M. Speaker, Joshua Gootam, Box-80, Kakinada- 533001 |

---

Please write to these addresses for Bible correspondence course, Magazine, and other Christian literature in your language. All of these programmes are sponsored by

**CHURCHES OF CHRIST**

Edited, Printed and Published at Church of Christ
Thampuranmukku, Trivandrum- 695 035, Kerala, India

**Posted at R.M.S. Tvm on 23/24 August**

Reg. No. K.Dis. 90095/86/A8. Reg. No. KL (N) 22/10-11

Licensed to post without prepayment No. KL / TV (N) / WPP/40/2010 -11

*Join us to worship God in Spirit and Truth*

*The*

# CHURCH OF CHRIST

Meets at T.C. 27/225

Thampuranmukku, Trivandrum-35

**Sunday- Worship- 10.00 am**

**Tuesday- Bible Study- 6.00 pm**

ALL ARE WELCOME

All correspondence should be sent to the Editor, The Bible Truth Church of Christ, Thampuranmukku, Trivandrum-35, Kerala, India

From
THE BIBLE TRUTH
Church of Christ
Thampuranmukku,
Trivandrum-35
Kerala, India.
Phone: 2303378

To